തുഞ്ചത്തെഴുത്തച്ഛൻ
# മലയാളസർവകലാശാല
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം – 676502 ഫോൺ : 0494–2631230

## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
## എം.ഫിൽ ബിരുദ ചട്ടങ്ങളും നിബന്ധനകളും – 2018

**ആമുഖം:**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 ന്റെ 49–ാം വകുപ്പ്, (a) & (b) പ്രകാരം 05–12–2015 ൽ 002/2015–ാം നമ്പറായി സർവകലാശാല പുറപ്പെടുവിച്ച എം.ഫിൽ/പിഎച്ച്.ഡി റഗുലേഷൻസ്, 2016 ജൂലൈ 5 ന് നമ്പർ F.1-2/2009 (EC/PS)V (I) Vol. II പ്രകാരം അസാധാരണവിജ്ഞാപനമായി ഇന്ത്യാ ഗസറ്റ് നം. 278, പാർട്ട് III –സെക്ഷൻ 4ൽ പ്രസിദ്ധീകരിച്ച യു.ജി.സി.യുടെ എം.ഫിൽ/പിഎച്ച്.ഡി. റഗുലേഷൻസ് 2016, യു.ജി.സി.യുടെ 2018 ഒക്ടോബർ 16 ലെ രണ്ടാം ഭേദഗതി എന്നിവ പ്രകാരം 2018 ഒക്ടോബറിലെ പത്താമതു ഗവേഷണസഭാ തീരുമാനപ്രകാരം നിയോഗിക്കപ്പെട്ട, രജിസ്ട്രാർ ഇൻ ചാർജ് കൺവീനറും രണ്ട് അംഗങ്ങളും ചേർന്ന ഉപസമിതിയാണ് ഈ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. 2018 നവംബർ 26, ഡിസംബർ 15 തീയതികളിൽ ചേർന്ന ഗവേഷണ കൗൺസിൽ യോഗങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച ചട്ടങ്ങളാണിത്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ അഞ്ചു ഫാക്കൽറ്റികളിലായി പ്രവർത്തിക്കുന്ന പത്തു വകുപ്പുകളിലും എം.ഫിൽ പ്രോഗ്രാമുകൾ നിലവിലുണ്ട്. ഇതിനു പുറമേ സർവകലാശാലയിലെ എഴുത്തച്ഛൻ പഠനകേന്ദ്രം സാഹിത്യവിഭാഗത്തിന്റെ അംഗീകൃത ഗവേഷണകേന്ദ്രം ആയിരിക്കും. മലയാളസർവകലാശാലയുടെ എം.ഫിൽ പ്രവേശനം, ബിരുദം നൽകൽ എന്നിവയെല്ലാം ഈ ചട്ടങ്ങൾക്കു വിധേയമായിരിക്കും.

### 1. പേര്, അപേക്ഷ, പ്രവേശനവിജ്ഞാപനം

1.1 മലയാളസർവകലാശാല എം.ഫിൽ ഗവേഷണച്ചട്ടങ്ങളും നിബന്ധനകളും 2018 എന്ന് ഇതറിയപ്പെടും.

1.2 2018 ഒക്ടോബർ 16 മുതൽ ഈ ചട്ടങ്ങളും നിബന്ധനകളും പ്രാബല്യത്തിൽ വരും.

1.3 2019 ൽ എം.ഫിൽ. പ്രവേശനം നേടുന്നവർ മുതൽ ഈ ചട്ടത്തിന്റെ പരിധിയിലുൾപ്പെടും.

1.4 യു.ജി.സി. റഗുലേഷൻ 2016 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് എം.ഫിൽ ബിരുദം നൽകുന്നത്. അതതു കാലഘട്ടങ്ങളിലെ യു.ജി.സി. നിബന്ധനകളും പാലിക്കപ്പെടും. (മിനിമം സ്റ്റാൻഡേർഡ്സ് ആന്റ് പ്രൊസീജിയർ ഫോർ അവാർഡ് ഓഫ് എം.ഫിൽ ഡിഗ്രീസ് യു.ജി.സി., റഗുലേഷൻസ് 2016, യു.ജി.സി. റഗുലേഷൻസ് രണ്ടാം ഭേദഗതി 2018 ഒക്ടോബർ 16). അതതു കാലഘട്ടങ്ങളിലെ യു.ജി.സി. നിബന്ധനകളും പാലിക്കപ്പെടും.

1.5 എല്ലാവർഷവും ഏപ്രിലിൽ അപേക്ഷ ക്ഷണിച്ച് മെയ് മാസം പ്രവേശനപ്പരീക്ഷയും പ്രവേശനനടപടികളും പൂർത്തിയാക്കി ജൂൺ ആദ്യ ആഴ്ച മുതൽ എം.ഫിൽ പ്രോഗ്രാമുകൾ ആരംഭിക്കും.

1.6 വിജ്ഞാപനമനുസരിച്ചുള്ള നിബന്ധനകൾ പാലിച്ച്, സർവകലാശാല നിശ്ചയിച്ചിട്ടുള്ള അപേക്ഷാഫീസ് അടച്ച്, നിർദ്ദിഷ്ടരീതിയിൽ അപേക്ഷ സമർപ്പിക്കണം.

## 2. എം.ഫിൽ പ്രവേശന യോഗ്യത

2.1 യു.ജി.സി. അംഗീകാരമുള്ള സർവകലാശാലയിൽ നിന്ന് അതതു വിഷയത്തിലോ, ബന്ധപ്പെട്ട വിഷയത്തിലോ 55 ശതമാനം അഥവാ തത്തുല്യമായ ഗ്രേഡോടുകൂടിയ ബിരുദാനന്തരബിരുദമാണ് അപേക്ഷകർക്കുള്ള അടിസ്ഥാന യോഗ്യത.

2.2 എസ്.സി./എസ്.ടി. വിഭാഗക്കാർക്കും ഒ.ബി.സി. (നോൺ ക്രീമിലെയർ)/ഭിന്നശേഷി വിഭാഗക്കാർക്കും സർവകലാശാലയോ, സർക്കാരോ അതതു കാലത്ത് തീരുമാനിക്കുന്ന പ്രത്യേക വിഭാഗക്കാർക്കും നിശ്ചിത ശതമാനത്തിൽ നിന്നും 5 ശതമാനം മാർക്കിന് ഇളവു ലഭിക്കും. അതായത് മേൽ സൂചിപ്പിച്ചവർക്ക് 50 ശതമാനം മാർക്ക് അഥവാ തത്തുല്യമായ ഗ്രേഡ് ഉണ്ടായിരിക്കണം.

2.3 എം.ഫിൽ പ്രോഗ്രാം അപേക്ഷകർക്കായി സർവകലാശാല പൊതു പ്രവേശനപ്പരീക്ഷ നടത്തുന്നതാണ്.

2.4 സർവകലാശാലാ ആസ്ഥാനത്തു നടക്കുന്ന മൂന്നു മണിക്കൂർ ദൈർഘ്യമുള്ള പൊതുപ്രവേശനപ്പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ലഭിച്ചെങ്കിലേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. പ്രവേശനപ്പരീക്ഷയുടെ മാർക്കിൽ ഒ.ബി.സി. (നോൺ ക്രീമിലയർ)/ഭിന്നശേഷി വിഭാഗക്കാർക്ക് 45 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിന് 40 ശതമാനവും മാർക്ക് ലഭിച്ചിരിക്കണം.

2.5 പ്രവേശനപ്പരീക്ഷയുടെ പൂർണ ഉത്തരവാദിത്തം പരീക്ഷാകൺട്രോളർക്കായിരിക്കും.

പ്രവേശനപ്പരീക്ഷയിൽ 50:50 എന്ന ക്രമത്തിൽ ബിരുദാനന്തരബിരുദ വിഷയവുമായും, ഗവേഷണരീതിശാസ്ത്രവുമായും ബന്ധപ്പെട്ട ചോദ്യങ്ങളുണ്ടായിരിക്കും.

## 3. പ്രവേശനപ്രക്രിയ

3.1 സർവകലാശാല നടത്തുന്ന പൊതു പ്രവേശനപ്പരീക്ഷയുടെ സ്കോറിന്റെ അടിസ്ഥാനത്തിൽ ആകെ സീറ്റിന്റെ മൂന്നിരട്ടി വിദ്യാർത്ഥികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കും. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവർ സർവകലാശാല നിർദ്ദേശിക്കുന്ന തീയതിക്കകം, താല്പര്യമുള്ള ഗവേഷണവിഷയത്തിന്റെ രൂപരേഖ (Outline) (എ4 ടൈപ്പ്ഡ് 5 പേജിൽ കവിയാതെ) സമർപ്പിക്കണം. ചുരുക്കപ്പട്ടികയിൽനിന്നും മുഖാമുഖത്തിന് ക്ഷണിച്ചായിരിക്കും പ്രവേശനം അനുവദിക്കുക. വിഷയാവതരണത്തിനും അഭിമുഖത്തിനും 30% മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രവേശനപ്പരീക്ഷയുടെയും അവതരണം, അഭിമുഖം എന്നിവയുടെയും മാർക്കുകൾ 70:30 എന്ന ക്രമത്തിൽ കണക്കാക്കിക്കൊണ്ടാണ് അന്തിമപട്ടിക പ്രസിദ്ധീകരിക്കുക. അന്തിമപട്ടികയിൽ നിന്നും സംവരണക്രമം പാലിച്ചുകൊണ്ടായിരിക്കും പ്രവേശനം നടത്തുക.

3.2 ജെ.ആർ.എഫ്. (J.R.F.) പരീക്ഷ വിജയിച്ചിട്ടുള്ളവർക്ക് ഈ പൊതു പ്രവേശനപ്പരീക്ഷാ മാനദണ്ഡം ബാധകമല്ല. ജെ.ആർ.എഫ്. നേടിയിട്ടുള്ളവരെ പൊതു പ്രവേശനപ്പരീക്ഷയുടെ 100%ത്തിന് തുല്യമായും, നെറ്റ്/തത്തുല്യപരീക്ഷാ വിജയികളെ അതതു വർഷങ്ങളിലെ പൊതു പ്രവേശനപ്പരീക്ഷയിലെ ഏറ്റവും ഉയർന്ന മാർക്കിന് തുല്യമായും പരിഗണിക്കും.

3.3 യു.ജി.സി.യിൽനിന്ന് ടീച്ചർ റിസർച്ച് ഫെല്ലോഷിപ്പ് നേടിയിട്ടുള്ളവരെ അതത് വർഷത്തെ പ്രവേശനപ്പരീക്ഷയുടെ ഉയർന്ന മാർക്കിന് തുല്യമായി പരിഗണിക്കും.

3.4 ജെ.ആർ.ഫ്., പരീക്ഷ വിജയികൾക്ക് പൊതു പ്രവേശനപ്പരീക്ഷയിൽ ഇളവ് അനുവദിക്കുമെങ്കിലും ഇവർ പ്രവേശനം ലഭിക്കാനായി മുഖാമുഖത്തിന് പങ്കെടുക്കേണ്ടതാണ്.

ജെ.ആർ.എഫ്., ടീച്ചർ റിസർച്ച് ഫെല്ലോഷിപ്പ് വിജയികൾക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന സീറ്റിന്റെ 50% ത്തിന് തുല്യമായ പ്രവേശനമാണ് അനുവദിക്കുക.

3.5 സർവകലാശാലാ വെബ്സൈറ്റിലും രണ്ടു പ്രാദേശിക ദിനപത്രങ്ങളിലും പ്രവേശന വിവരങ്ങൾ (ഒഴിവുള്ള സീറ്റുകൾ, വിഷയം, പ്രവേശനമാനദണ്ഡം, പ്രവേശനപ്രക്രിയ, പരീക്ഷാകേന്ദ്രം, പരീക്ഷാ തീയതി എന്നിവ) സഹിതം പരസ്യങ്ങൾ നൽകിയിരിക്കും.

3.6 യു.ജി.സി. റഗുലേഷൻ 2016 ന്റെ 2018 ലെ രണ്ടാം ഭേദഗതി അനുസരിച്ച്, സർവകലാശാല തയ്യാറാക്കി ഉന്നതസമിതികളാൽ അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങളും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സംവരണക്രമങ്ങളും പാലിച്ചുകൊണ്ടായിരിക്കും പ്രവേശനം.

3.7 അതതു വകുപ്പുകൾ രൂപീകരിക്കുന്ന ഗവേഷണ ഉപദേശകസമിതിക്കു മുന്നിൽ അഭിമുഖത്തിനു യോഗ്യരായവർ ഗവേഷണവിഷയം അവതരിപ്പിക്കേണ്ടതുണ്ട്.

3.7.1 ഈ കമ്മിറ്റിയിൽ പുറത്തുനിന്നുള്ള ഒരു വിഷയവിദഗ്ദ്ധൻ, ഫാക്കൽറ്റി ഡീൻ/പ്രതിനിധി, വകുപ്പദ്ധ്യക്ഷൻ, വകുപ്പിലെ മാർഗദർശികൾ എന്നിവർ അംഗങ്ങളായിരിക്കും.

3.8 അഭിമുഖത്തിൽ താഴെപ്പറയുന്നവ വിലയിരുത്തപ്പെടണം.

3.8.1 സമർപ്പിച്ച വിഷയത്തിൽ ഗവേഷണത്തിനുള്ള പ്രാപ്തി.

3.8.2 ഗവേഷണകേന്ദ്രത്തിന് പ്രസ്തുതവിഷയം ഏറ്റെടുക്കുന്നതിനുള്ള സാഹചര്യം.

3.8.3 പ്രസ്തുതവിഷയത്തിലൂടെ നൂതനമോ/അധികമോ ആയ കണ്ടെത്തലുകൾക്കോ, ജ്ഞാനോല്പാദനത്തിനോ സാധ്യതയുണ്ടോ?

3.9 ഓരോ വർഷവും പ്രവേശനം നേടുന്ന എം.ഫിൽ ഗവേഷകരുടെ പേര്, ഗവേഷണവിഷയം, മാർഗദർശി, രജിസ്ട്രേഷൻ തീയതി എന്നിവ സർവകലാശാലാ വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

3.10 എം.ഫിൽ പ്രവേശനപ്പരീക്ഷ, അഭിമുഖം എന്നിവയ്ക്കു ശേഷം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സംവരണക്രമം പാലിച്ചുകൊണ്ട് പ്രവേശനം നേടുന്നവർ സർവകലാശാലയിലെ പൂർണസമയ (Full-time) എം.ഫിൽ വിദ്യാർത്ഥികൾ ആയിരിക്കും.

3.11 പ്രവേശനസമയത്ത് ഹാജരാക്കേണ്ട രേഖകൾ

3.11.1 വയസ്സ് തെളിയിക്കാൻ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്

3.11.2 ബിരുദാനന്തരബിരുദ ഡിഗ്രി, അല്ലെങ്കിൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റും, മാർക്ക്ഷീറ്റുകളും.

3.11.3 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ജാതി അടിസ്ഥാനത്തിലുള്ള ആനുകൂല്യം/സംവരണം അവകാശപ്പെടുന്നെങ്കിൽ)

3.11.4 മറ്റു ജോലിയുള്ളവർ തൊഴിൽദാതാവിൽനിന്നുള്ള നിരാക്ഷേപപത്രം (no-objection certificate).

3.11.5 പഠിച്ച സ്ഥാപനത്തിൽനിന്നുള്ള സ്വഭാവസർട്ടിഫിക്കറ്റും ട്രാൻസ്ഫർ സർട്ടിഫിക്കറ്റും.

3.11.6 കേരളത്തിനു പുറത്തുള്ള സർവകലാശാലകളിൽ നിന്നു വരുന്നവർ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. JRF, FIP ഗവേഷകർ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

3.11.7 സർവകലാശാലയുമായി ഫെല്ലോഷിപ്പു സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്.

3.12 ഫീസ് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അപേക്ഷാ ഫീസ് (ജനറൽ) | 500.00 | |
| | എസ്.സി/എസ്.ടി/ഒ.ബി.സി | 200.00 | |
| 2 | രജിസ്ട്രേഷൻ ഫീ | 800.00 | പ്രവേശന സമയത്ത് ഹോസ്റ്റൽ, വാഹന ഫീസ് കൂടാതെ 5300.00 രൂപ |
| 3 | ട്യൂഷൻ/റിസർച്ച് ഫീ (സെമസ്റ്റർ) | 1000.00 | |
| 4 | മാഗസിൻ | 200.00 | |
| 5 | വിദ്യാർത്ഥി യൂണിയൻ | 200.00 | |
| 6 | പൂർവവിദ്യാർത്ഥി രജിസ്ട്രേഷൻ (അഞ്ച് വർഷം പ്രാബല്യം) | 100.00 | |
| 7 | ലൈബ്രറി ഫീസ് | 500.00 | |
| 8 | സുരക്ഷാ നിക്ഷേപം (ലൈബ്രറി) | 1000.00 | |
| 9 | സുരക്ഷാ നിക്ഷേപം | 1000.00 | |
| 10 | പി.ടി.എ. ഫണ്ട് | 1000.00 | |
| 11 | കോഴ്സ് വർക്ക് പരീക്ഷാ ഫീ - സെമസ്റ്റർ- 1 (പേപ്പർ ഒന്നിന് - 200) 200 x 3 | 600.00 | |
| 12 | ശീർഷക മാറ്റം | 500.00 | |
| 13 | പ്രബന്ധ മൂല്യനിർണയം & വൈവ (സെമസ്റ്റർ - 2) | 2000.00 | സെമസ്റ്റർ 2. റിസർച്ച് ഫീ - 1000.00 രൂപ + 3000.00 രൂപ |
| 14 | ഡിഗ്രി സർട്ടിഫിക്കറ്റ് | 500.00 | |
| 15 | കോൺവൊക്കേഷൻ | 500.00 | |
| 16 | പുനഃപരീക്ഷ (പേപ്പർ ഒന്നിന്) | 500.00 | |
| 17 | പുനർ മൂല്യനിർണ്ണയം (പേപ്പർ ഒന്നിന്) | 500.00 | |
| 18 | പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് | 200.00 | |
| 19 | മൈഗ്രേഷൻ സർട്ടിഫിക്കറ്റ് | 100.00 | |
| 20 | മാർക്ക് ലിസ്റ്റ് - സെമസ്റ്റർ (ആവശ്യമുള്ളവർക്കുമാത്രം) | 250.00 | |
| 21 | ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് (സെമസ്റ്റർ) | 500.00 | |
| 22 | നിയമവിധേയമായ ഹാജർ ഇളവിനുള്ള ഫീസ് (കോഴ്സിനിടെ ഒറ്റത്തവണ മാത്രം) | 500.00 | |
| 23 | ഡ്യൂപ്ലിക്കേറ്റ് ഡിഗ്രി സർട്ടിഫിക്കറ്റ് | 1000.00 | |
| 24 | ഐ.ഡി. കാർഡ് (ഡ്യൂപ്ലിക്കേറ്റ്) | 200.00 | |
| 25 | വാഹന വാടക (വാർഷികം) | 1200.00 | |
| 26 | കാലാവധി നീട്ടൽ/റീ-രജിസ്ട്രേഷൻ (ഒരു കൊല്ലത്തിനു ശേഷം ഓരോ സെമസ്റ്ററിനും 1000 വീതം പരമാവധി ഒരു വർഷത്തേക്ക്) | 1000.00 2000.00 | |
| 27 | കാലാവധിക്കുശേഷം പ്രബന്ധസമർപ്പണം/2 വർഷ-ത്തിനുശേഷം ഒരുവർഷംകൂടി റീ-രജിസ്ട്രേഷനു പുറമേ ഫൈൻ ഒറ്റത്തവണ | 1000.00 + 25000.00 | |

## 4. പ്രോഗ്രാമിന്റെ കാലാവധി

4.1 എം.ഫിൽ, കോഴ്സ് വർക്ക് ഉൾപ്പെടെ ആറുമാസം വീതം രണ്ടു സെമസ്റ്ററുകൾ ഉള്ള ഒരു വർഷ പ്രോഗ്രാം ആയിരിക്കും.

4.2 എം.ഫിൽ ഗവേഷകർക്ക് സർവകലാശാലാ ഫെല്ലോഷിപ്പ് ഒരു വർഷമായിരിക്കും. ഫെല്ലോഷിപ്പ് കൂടാതെ പ്രബന്ധസമർപ്പണത്തിന് പരമാവധി ഒരു വർഷം കൂടി മാർഗനിർദ്ദേശകന്റെ ശുപാർശ പ്രകാരം അനുവദിക്കുന്നതാണ്.

4.3 പ്രസവാവധിയിൽ പ്രവേശിക്കുന്ന എം.ഫിൽ ഗവേഷകർക്ക് പ്രസവാവധി ഉൾപ്പെടെ പ്രബന്ധസമർപ്പണത്തിന് രണ്ട് സെമസ്റ്റർ കൂടി അനുവദിക്കുന്നതാണ്. എന്നാൽ ഒരുവർഷം മാത്രമേ ഫെല്ലോഷിപ്പിന് അർഹതയുണ്ടാവൂ.

4.4 40 ശതമാനത്തിലധികം ശാരീരികവൈകല്യമുള്ള വ്യക്തികൾക്കും എം.ഫിൽ പ്രബന്ധസമർപ്പണ കാലാവധി 2 വർഷം (1+1) ആയിരിക്കും.

4.4.1 ഇവർക്കും ഫെല്ലോഷിപ്പ് കാലാവധി ഒരു വർഷം ആയിരിക്കും.

4.5 ഫെല്ലോഷിപ്പ് കാലയളവിനുശേഷം അധിക കാലാവധി ഉപയോഗിക്കുന്നവർക്ക് മാർഗദർശിയുടെയും ഉപദേശകസമിതിയുടെയും ശുപാർശയോടുകൂടി വൈസ് ചാൻസലർ പ്രബന്ധസമർപ്പണസമയം ചട്ടപ്രകാരം അനുവദിക്കുന്നതാണ്.

4.6 ഫെല്ലോഷിപ്പിനുശേഷം പ്രബന്ധസമർപ്പമത്തിന് അധിക കാലയളവ് സ്വീകരിക്കുന്നവർ സർവകലാശാല നിശ്ചയിക്കുന്ന റീ-രജിസ്ട്രേഷൻ ഫീസും, സെമസ്റ്റർ അധികഫീസും അടയ്ക്കേണ്ടതും ഗവേഷണ ഉപദേശകസമിതിയുടെ അനുമതി തേടേണ്ടതുമാണ്. ഗവേഷണ മാർഗദർശിയുടെ ശുപാർശയോടെ വകുപ്പദ്ധ്യക്ഷൻ മുഖേന, കാലാവധി തീരുന്നതിന് ഒരു മാസം മുമ്പ് പരീക്ഷാകൺട്രോളർക്ക് അപേക്ഷ നൽകണം.

4.7 എം.ഫിൽ ഗവേഷണത്തിന്റെ അധികസമയം ഉൾപ്പെടെ വിനിയോഗിച്ച ശേഷവും പ്രബന്ധം സമർപ്പിക്കാത്തവർ അതുവരെ സർവകലാശാലയിൽ നിന്നും നേടിയ സാമ്പത്തികാനുകൂല്യം തിരിച്ചടക്കേണ്ടതാണ്.

4.8 അധിക കാലാവധിക്ക് ശേഷം പ്രബന്ധസമർപ്പണത്തിന് ആഗ്രഹിക്കുന്നവർക്ക് റീ-രജിസ്ട്രേഷനും സർവകലാശാല നിശ്ചയിക്കുന്ന ഫൈൻ തുകയും കൈപ്പറ്റിയ ഫെല്ലോഷിപ്പു തുകയും അടച്ചശേഷം അതതു വകുപ്പുകളിലെ ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശയോടെ പുനഃപ്രവേശനം നേടേണ്ടതാണ്.

## 5. ഗവേഷണമാർഗദർശിയുടെ നിർണയനം

5.1 സർവകലാശാലയിൽ സ്ഥിരനിയമനം നേടിയ പ്രൊഫസർ, അസോഷ്യേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരിൽ നിന്നും ഗവേഷണബിരുദം, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഗവേഷണമാർഗദർശികളെ റിസർച്ച് കൗൺസിലിന്റെ അനുമതിയോടെ വൈസ് ചാൻസലർക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

5.2 പിഎച്ച്.ഡി. ബിരുദവും അതിനുശേഷം യു.ജി.സി./സർവകലാശാല അംഗീകരിച്ച ഗവേഷണ ജേണലുകളിൽ ചുരുങ്ങിയത് രണ്ടു പ്രബന്ധങ്ങളെങ്കിലും പ്രസിദ്ധീകരിച്ചവർ ആയിരിക്കണം.

5.3 ഏതെങ്കിലും പ്രത്യേക വിഷയങ്ങളിൽ, പ്രത്യേക സാഹചര്യങ്ങളിൽ അംഗീകൃത ജേണലുകൾ ഇല്ലാത്തപക്ഷം ഇക്കാര്യത്തിൽ സർവകലാശാല ഗവേഷണകൗൺസിലിന് തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

5.4 സർവകലാശാലാ പ്രൊഫസർ, എം.ഫിൽ 3, അസോ. പ്രൊഫസർ എം.ഫിൽ 2, അസി. പ്രൊഫസർ എം.ഫിൽ 1 എന്ന കണക്കിലല്ലാതെ യാതൊരു സാഹചര്യത്തിലും ഇതിലധികം ഗവേഷകരെ സ്വീകരിക്കാവുന്നതല്ല.

5.5 ഒരു ഗവേഷണമാർഗദർശിയുടെ കീഴിലുള്ള ഗവേഷക/ൻ പ്രബന്ധം സമർപ്പിക്കുന്ന ദിവസം മുതൽ പ്രസ്തുത സീറ്റ് ഒഴിവുള്ളതായി കണക്കാക്കാവുന്നതാണ്.

5.6 അന്തർ-വിജ്ഞാനീയ ഗവേഷണവിഷയങ്ങളിൽ അതതു വകുപ്പുകളിലെ അദ്ധ്യാപകൻ പ്രധാന മാർഗദർശിയും അനുബന്ധ വകുപ്പിലെയോ, വിഷയത്തിലെയോ, സ്ഥാപനത്തിലെയോ അദ്ധ്യാപകൻ/വിദഗ്ദ്ധൻ സഹമാർഗദർശിയും (Co-guide) ആയി ആവശ്യമെങ്കിൽ ഗവേഷണ ഉപദേശകസമിതിയുടെ ശുപാർശയോടെ റിസർച്ച് കൗൺസിലിന് അനുമതി നൽകാവുന്നതാണ്.

5.6.1 സർവകലാശാലയ്ക്കു പുറത്തു പ്രവർത്തിക്കുന്നവർ സർവകലാശാലയിലെ ഗവേഷണമാർഗദർശികളായിരിക്കുന്നതല്ല. ഏതെങ്കിലും പ്രത്യേക വിഷയത്തിൽ സഹമാർഗദർശി (Co-guide) ആകാവുന്നതാണ്.

5.6.2 സർവകലാശാലയിലെ അദ്ധ്യാപകരുടെ സഹമാർഗദർശിത്വം (Co-guide) യു.ജി.സി. നിശ്ചയിച്ചിരിക്കുന്ന ഗവേഷകരുടെ എണ്ണത്തോടൊപ്പം പരമാവധി രണ്ടുപേരെ കൂടി മാത്രം ഉൾക്കൊള്ളുന്നതായിരിക്കണം.

## 6. സിനോപ്സിസ് സമർപ്പിക്കൽ

6.1 എം.ഫിൽ വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് പൂർത്തിയായി ഫലം പ്രസിദ്ധീകരിച്ച് ഒരാഴ്ചക്കകം ഗവേഷണവിഷയത്തിന്റെ രൂപരേഖ വകുപ്പദ്ധ്യക്ഷന് സമർപ്പിക്കേണ്ടതാണ്.

6.2 അതതു വകുപ്പു നിശ്ചയിക്കുന്ന പുറത്തുനിന്നുള്ള വിഷയ വിദഗ്ദ്ധൻ ഉൾപ്പെടുന്ന ഗവേഷണ ഉപദേശകസമിതി രൂപരേഖ പരിശോധിച്ച് അന്തിമമായി അംഗീകരിക്കുകയും ഗവേഷണമാർഗദർശിയെ ശുപാർശ ചെയ്യുകയും ചെയ്യും.

6.2.1 മാർഗനിർദ്ദേശകന്റെ മേൽനോട്ടത്തിൽ വിശദമായ സിനോപ്സിസ് തയ്യാറാക്കി വകുപ്പദ്ധ്യക്ഷൻ മുഖേന റിസർച്ച് കൗൺസിലിനു സമർപ്പിക്കണം.

6.3 രജിസ്ട്രേഷൻ പൂർത്തിയാക്കൽ

റിസർച്ച് കൗൺസിലിന്റെ ശുപാർശപ്രകാരം രജിസ്ട്രാർ രജിസ്ട്രേഷൻ അംഗീകരിച്ച് ഉത്തരവിറക്കും. ഗവേഷകൻ, ഗവേഷണവിഷയം, മാർഗദർശി, ഗവേഷണം ആരംഭിക്കുന്നത തീയതി എന്നിവ ഈ ഉത്തരവിൽ ഉണ്ടായിരിക്കണം.

6.4 പ്രബന്ധത്തിന്റെ തലക്കെട്ടുമാറ്റം

ഏതെങ്കിലും സാഹചര്യത്തിൽ പ്രബന്ധത്തിന്റെ തലക്കെട്ടിൽ മാറ്റംവരുത്തണമെങ്കിൽ പ്രബന്ധം സമർപ്പിക്കുന്നതിന്റെ രണ്ടുമാസം മുമ്പ് എം.ഫിൽ വിദ്യാർത്ഥി മാർഗനിർദ്ദേശകന്റെയും വകുപ്പദ്ധ്യക്ഷന്റെയും അറിവോടെ ഗവേഷണ ഉപദേശകസമിതിക്ക് ഡീൻവഴി അപേക്ഷ നൽകണം. വകുപ്പദ്ധ്യക്ഷന്റെയും ഡീനിന്റെയും ശുപാർശ പരിഗണിച്ച് വൈസ് ചാൻസലർക്ക് തലക്കെട്ടുമാറ്റം അനുവദിക്കാവുന്നതാണ്.

6.5 മാർഗനിർദ്ദേശകന്റെ മാറ്റം

ഒരു എം.ഫിൽ വിദ്യാർത്ഥിക്ക് താഴെപറയുന്ന സന്ദർഭങ്ങളിൽ മാർഗനിർദ്ദേശകന് മാറ്റാൻ അപേക്ഷ സമർപ്പിക്കാം.

6.5.1 വ്യക്തിപരമായ കാരണങ്ങളാൽ മാർഗനിർദ്ദേശകന് വിദ്യാർത്ഥിയെ മേൽനോട്ടം വഹിക്കാൻ കഴിയാത്ത അവസ്ഥ.

6.5.2 വിഷയത്തിലോ പഠനമേഖലയിലോ ഉണ്ടാകുന്ന മാറ്റം.

6.5.3 വിഷയത്തിന്റെ സവിശേഷതകാരണം മറ്റൊരു വിദഗ്ധനെ ആവശ്യംവരുന്ന സന്ദർഭം.

6.5.4 അധ്യാപകൻ പിരിഞ്ഞുപോവുകയോ, സർവകലാശാലയുമായിട്ടുള്ള ബന്ധം വിഛേദിക്കുകയോ ചെയ്യുന്ന സന്ദർഭം.

6.5.5 മാർഗനിർദ്ദേശകൻ സർവകലാശാലയിൽ ദീർഘകാലം ഇല്ലാതിരിക്കുന്ന അവസ്ഥ.

6.5.6 വ്യക്തിപരമായി സഹകരിക്കാനാവാത്ത അവസ്ഥ.

6.5.7 മേൽപറഞ്ഞ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ എം.ഫിൽ വിദ്യാർത്ഥിക്ക് മാർഗനിർദ്ദേശകനെ മാറ്റുവാനുള്ള അപേക്ഷ വകുപ്പദ്ധ്യക്ഷന് നൽകാം.

6.5.8 വകുപ്പദ്ധ്യക്ഷൻ ഈ അപേക്ഷ റിസർച്ച് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണം.

6.6 വിദ്യാർത്ഥിയെ ഒഴിവാക്കാവുന്ന സന്ദർഭങ്ങൾ

6.6.1 എം.ഫിൽ വിദ്യാർത്ഥിയെ സർവകലാശാലയിൽ നിന്ന് താഴെ പറയുന്ന സാഹചര്യങ്ങളിൽ ഒഴിവാക്കാവുന്നതാണ്.

6.6.2 പ്രവേശനം കഴിഞ്ഞ് എം.ഫിൽ വിദ്യാർത്ഥി ഒരു സെമസ്റ്ററിനുള്ളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കാതിരിക്കുക.

6.6.3 ആവശ്യമുള്ള ക്രെഡിറ്റ് നേടാതിരിക്കുക.

6.6.4 അനുവദിച്ചിരിക്കുന്ന പരമാവധി സമയപരിധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കാതിരിക്കുക.

6.6.5 സർവകലാശാല ഫീസ് അടയ്ക്കാതിരിക്കുക.

6.6.6 സർവകലാശാല നിയമങ്ങൾ ലംഘിക്കുക.

6.6.7 അച്ചടക്കം ലംഘിക്കുക.

6.7 എം.ഫിൽ. വിദ്യാർത്ഥികൾ ഗവേഷണകാലയളവിൽ സർവകലാശാലയുടെ അനുമതിയില്ലാതെ ജോലിക്ക് പ്രവേശിക്കുവാനോ, മറ്റേതെങ്കിലും കോഴ്സ് പഠിക്കുവാനോ പാടില്ല.

6.8 ഗവേഷണപുരോഗതി ഇല്ലാതെവന്നാൽ പ്രവേശനം റദ്ദുചെയ്യാൻ റിസർച്ച് കൗൺസിലിന് അധികാരമുണ്ടായിരിക്കും. പരമാവധി കാലയളവിനുള്ളിൽ പ്രബന്ധം സമർപ്പിക്കാത്ത സന്ദർഭങ്ങളിലും പ്രവേശനം റദ്ദുചെയ്യാൻ ശുപാർശചെയ്യാവുന്നതാണ്.

6.9 കോഴ്സ് വർക്ക് – ക്രെഡിറ്റ് – മറ്റു നിബന്ധനകൾ

6.9.1 കോഴ്സ് വർക്ക് എം.ഫിൽ.

6.9.2 ആദ്യ സെമസ്റ്റർ കാലയളവിനുള്ളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കണമെന്നത് നിർബന്ധമാണ്.

6.9.3 ആദ്യ സെമസ്റ്ററുകൾക്കുള്ളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കാത്തവരുടെ പ്രവേശനം റദ്ദുചെയ്യും.

6.9.4 ആദ്യസെമസ്റ്ററിൽ കുറഞ്ഞത് 75% ഹാജർ ഉണ്ടെങ്കിൽ മാത്രമേ കോഴ്സ് വർക്ക് പൂർത്തിയാക്കിയതായി കരുതുകയുള്ളൂ. തുടർന്നുള്ള സെമസ്റ്ററിൽ പ്രബന്ധരചനയുമായി ബന്ധപ്പെട്ട ജോലികളുള്ളതുകൊണ്ട് ഹാജർ നില അതത് മാർഗനിർദ്ദേശകർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എം.ഫിൽ കോഴ്സ് കാലയളവിൽ 75%ത്തിൽ കുറയാത്ത ഹാജർ നില ഉള്ളവർക്കുമാത്രമേ പ്രബന്ധസമർപ്പണം അനുവദിക്കുകയുള്ളൂ.

6.9.5 കോഴ്സ് വർക്ക് പൂർത്തിയാക്കാത്ത ഒരു വിദ്യാർത്ഥിയേയും പ്രബന്ധസമർപ്പണം നടത്താൻ അനുവദിക്കുന്നതല്ല.

6.9.6 പ്രസിദ്ധീകരണത്തിന്റെ ക്രെഡിറ്റ് താഴെപറയും പ്രകാരമാണ് കണക്കാക്കുക:

6.9.6.1 പൊതുപ്രസിദ്ധീകരണമായി പരിഗണിക്കുന്ന ലേഖനങ്ങൾക്ക്/ദേശീയ സെമിനാർ/ശിൽപശാലയിലെ പേപ്പർ അവതരണം എന്നിവയ്ക്ക് ഒരു ക്രെഡിറ്റ് വീതം.

6.9.6.2 അന്തർദേശീയ സെമിനാർ/ശിൽപശാല പേപ്പർ അവതരണത്തിന് മൂന്ന് ക്രെഡിറ്റ്.

6.9.6.3 ദേശീയ നിലവാരമുള്ള പ്രസിദ്ധീകരണത്തിലെ ഒരു ലേഖനത്തിന് മൂന്ന് ക്രെഡിറ്റ്

6.9.6.4 അന്തർ ദേശീയ പ്രസിദ്ധീകരണത്തിന് നാല് ക്രെഡിറ്റ്.
(ഓരോ വകുപ്പും അംഗീകരിച്ചിരിക്കുന്ന പ്രസിദ്ധീകരണങ്ങളുടെ ലിസ്റ്റ് ഗവേഷണവിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്)

6.10 ക്രെഡിറ്റ് സംവിധാനം: എം.ഫിൽ പ്രോഗ്രാമിന് ആകെ 40 ക്രെഡിറ്റ്. അത് താഴെപറയുംപ്രകാരം നിശ്ചയിച്ചിരിക്കുന്നു.

| | | |
|---|---|---|
| 1. | കോഴ്സ് വർക്ക് (Course Work) | 12 ക്രെഡിറ്റ് |
| 2. | പ്രബന്ധം (Thesis) | 20 ക്രെഡിറ്റ് |
| 3. | വാചാപരീക്ഷ | 04 ക്രെഡിറ്റ് |
| 4. | പ്രസിദ്ധീകരണം (Publications) | 04 ക്രെഡിറ്റ് |

6.11 എം.ഫിൽ ബിരുദം നൽകുന്നത് സംബന്ധിച്ച്

എം.ഫിൽ പ്രോഗ്രാമിന് പ്രവേശനം നേടുന്ന ഒരാൾ നിശ്ചിതകാലയളവിനുള്ളിൽ എല്ലാ ക്രെഡിറ്റും നേടുകയാണെങ്കിൽ ബിരുദം നൽകുന്നതാണ്.

6.12 എം.ഫിൽ ഗവേഷകർക്ക് അനുവദനീയമായ അവധികൾ.

6.12.1 ആകസ്മികാവധി (casual leave) മാസത്തിൽ 1 വീതം = 12

6.12.2 മെഡിക്കൽ അവധി ഒരു വർഷം പരമാവധി = 10

6.12.3 ഡ്യൂട്ടി ലീവ് സെമിനാറുകൾ ഉൾപ്പെടെ പരമാവധി = 12

6.12.4 ഫീൽഡ് വർക്ക്/ലൈബ്രറി/ഗൈഡിന്റെ/സന്ദർശിച്ച സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് പ്രകാരം പരമാവധി = 56

ആകെയുള്ള 90 അവധിക്കു പുറമേ പ്രത്യേക വിഷയത്തിൽ ഫീൽഡ് വർക്ക് ആവശ്യമുള്ളവർക്ക് ഗൈഡിന്റെ ശുപാർശയോടു കൂടി വി.സി.യുടെ പ്രത്യേക അനുമതി തേടാവുന്നതാണ്.

## 7. ഗവേഷണ ഉപദേശകസമിതിയും കർത്തവ്യങ്ങളും

7.1 ഒരു ഗവേഷണ ഉപദേശകസമിതിയോ, സർവകലാശാല നിയമാനുസൃതമായി രൂപീകരിച്ച തത്തുല്യ കമ്മിറ്റിയോ (ഡോക്ടറൽ കമ്മിറ്റി) ഓരോ ഗവേഷകന്റെയും ഗവേഷണപ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഗവേഷകന്റെ മാർഗദർശിയാവും കമ്മിറ്റി കൺവീനർ. വകുപ്പദ്ധ്യക്ഷൻ, ഡീൻ എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. കമ്മിറ്റിയുടെ കർത്തവ്യങ്ങൾ താഴെ കൊടുക്കുന്നു.

7.1.1 ഗവേഷണവിഷയം പുനരവലോകനം ചെയ്തു തീർച്ചയാക്കുക.

7.1.2 ഗവേഷണവിഷയത്തിനനുസൃതമായ രീതിശാസ്ത്രം കണ്ടെത്തുക, പഠനമാതൃക വികസിപ്പിക്കുക, അനുയോജ്യമായ പാഠ്യക്രമം നിശ്ചയിക്കുക തുടങ്ങിയ കാര്യങ്ങളിൽ മാർഗനിർദ്ദേശം നൽകുക.

7.1.3 ഗവേഷണപുരോഗതി വിലയിരുത്തുക.

7.2 ഓരോ എം.ഫിൽ വിദ്യാർത്ഥിയും കോഴ്സ് വർക്ക് കഴിഞ്ഞ് സെമസ്റ്റർ അവസാനത്തിൽ ഗവേഷണ ഉപദേശകസമിതിക്കു മുന്നിൽ ഹാജരായി ഗവേഷണപ്രവർത്തനങ്ങൾ അവതരിപ്പിക്കേണ്ടതും മൂല്യനിർണയനത്തിനു തയ്യാറാകേണ്ടതുമാണ്. ഇത്തരത്തിലുള്ള ഒരു റിപ്പോർട്ട് ഉപദേശകസമിതി സർവകലാശാലയ്ക്കു സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ ഓരോ കോപ്പി ഗവേഷകനും നൽകേണ്ടതുണ്ട്.

7.3 ഗവേഷണപ്രവർത്തനങ്ങൾ/പുരോഗതി കമ്മിറ്റിക്കു തൃപ്തികരമല്ല എങ്കിൽ വകുപ്പദ്ധ്യക്ഷൻ ഗവേഷണവിദ്യാർത്ഥിക്ക് പുരോഗതി കൈവരിക്കാനായി ഒരവസരം കൂടി നൽകുന്നതായി കത്തു നൽകണം. തുടർന്നുള്ള സെമസ്റ്ററിലും പുരോഗതി കൈവരിക്കുന്നില്ലെങ്കിൽ ഉപദേശകസമിതിക്ക് പ്രവേശനം റദ്ദുചെയ്യാൻ സമിതി ശുപാർശ ചെയ്യേണ്ടതുണ്ട്. ഇതിനെല്ലാം നിർദ്ദിഷ്ട ഫീസും നടപടിക്രമങ്ങളും ബാധകമാണ്.

## 8. പ്രബന്ധസമർപ്പണം, മൂല്യനിർണയം

8.1 എം.ഫിൽ പ്രോഗ്രാമിനു പ്രവേശനം നേടി ഒരുവർഷം തികയാതെ പ്രബന്ധം സമർപ്പിക്കാൻ അനുവദിക്കുന്നതല്ല.

8.2 നിശ്ചിത കോഴ്സ് വർക്ക്, പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ നേടേണ്ടുന്ന ക്രെഡിറ്റ് നേടിയിട്ടില്ലെങ്കിലും എം.ഫിൽ പ്രബന്ധം സമർപ്പിക്കാൻ അനുവദിക്കില്ല.

8.3 പ്രബന്ധസമർപ്പണം

8.3.1 എം.ഫിൽ വിദ്യാർത്ഥി ദേശീയസെമിനാറിലോ/കോൺഫറൻസിലോ കുറഞ്ഞത് ഒരു ഗവേഷണപ്രബന്ധമെങ്കിലും അവതരിപ്പിച്ചിരിക്കണം.

8.4 അപേക്ഷയോടൊപ്പം സർവകലാശാല/ഹോസ്റ്റൽ/ലൈബ്രറി എന്നിവിടങ്ങളിലൊന്നും യാതൊരു കുടിശ്ശികയും ഇല്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന 'ബാധ്യതാരഹിത സർട്ടിഫിക്കറ്റ്' സമർപ്പിക്കണം.

8.5 എം.ഫിൽ ഗവേഷകർ പ്രബന്ധത്തിന്റെ ബൈന്റ് ചെയ്ത 2 കോപ്പി, ഒരു സി.ഡി., 4 എ4 ഷീറ്റിൽ കവിയാത്ത പ്രബന്ധസംഗ്രഹം എന്നിവ മാർഗദർശിയുടെ ഒപ്പോടെ വകുപ്പദ്ധ്യക്ഷൻ മുഖേന രജിസ്ട്രാർക്ക് സമർപ്പിക്കണം.

8.6 അദ്ധ്യയനമാധ്യമം മലയാളമായതിനാൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ പ്രബന്ധരചന നിർവഹിക്കേണ്ടത് മലയാളത്തിലാണ്.

8.7 മലയാളസർവകലാശാലയിലെ അതത് പഠനവിഭാഗങ്ങൾ അംഗീകരിച്ച സ്റ്റൈൽ ഷീറ്റ് അനുസരിച്ചായിരിക്കണം പ്രബന്ധം തയ്യാറാക്കേണ്ടത്.

8.8 പ്രബന്ധങ്ങളിലെ ആശയചോരണം (Plagiarism) ഉൾപ്പെടെ കണ്ടെത്തുവാൻ പ്രാപ്തമായ സോഫ്റ്റ്‌വെയറുകൾ, ഗാഡ്ജറ്റുകൾ എന്നിവ സർവകലാശാലകളിൽ സ്ഥാപിക്കേണ്ടതാണ്. അത് സാദ്ധ്യമാകാത്ത സാഹചര്യത്തിൽ ഗവേഷകൻ പ്രബന്ധത്തിന്റെ ആധികാരികതയെ സംബന്ധിച്ച സത്യപ്രസ്താവന മാർഗദർശിയുടെ സാക്ഷ്യപത്രം എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്.

8.9 യുണികോഡ് ഫോണ്ടിൽ തന്നെയാണ് പ്രബന്ധം തയ്യാറാക്കേണ്ടത്.

8.10 എം.ഫിൽ പ്രബന്ധങ്ങൾ തയ്യാറാക്കേണ്ട മാതൃക താഴെ കൊടുക്കുന്നു.

**കവർ പേജ്**

പ്രബന്ധവിഷയം ..........

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ മാസ്റ്റർ ഓഫ് ഫിലോസഫി ബിരുദത്തിനായി ...................................... ഫാക്കൽറ്റിയിലെ ................................ വകുപ്പിൽ സമർപ്പിക്കുന്ന പ്രബന്ധം.

സർവകലാശാല ലോഗോ

എം.ഫിൽ വിദ്യാർത്ഥിയുടെ പേര്

രജിസ്റ്റർ നമ്പർ

മാർഗനിർദേശകന്റെ പേര്

വകുപ്പ്, ഫാക്കൽറ്റി

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

അക്ഷരം കാമ്പസ്, വാക്കാട് പി.ഒ., തിരൂർ – 676 502

വർഷവും മാസവും

**ആദ്യത്തെ പേജ്**

പ്രബന്ധവിഷയം ..........

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ മാസ്റ്റർ ഓഫ് ഫിലോസഫി ബിരുദത്തിനായി ...................................... ഫാക്കൽറ്റിയിലെ ................................ വകുപ്പിൽ സമർപ്പിക്കുന്ന പ്രബന്ധം.

സർവകലാശാല ലോഗോ

എം.ഫിൽ വിദ്യാർത്ഥിയുടെ പേര്

രജിസ്റ്റർ നമ്പർ

മാർഗനിർദേശകന്റെ പേര്

വകുപ്പ്, ഫാക്കൽറ്റി

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

അക്ഷരം കാമ്പസ്, വാക്കാട് പി.ഒ., തിരൂർ – 676 502

വർഷവും മാസവും

**രണ്ടാമത്തെ പേജ്**

**സത്യപ്രസ്താവന**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ..................................... ഫാക്കൽറ്റിയിലെ ..................................... വകുപ്പിൽ മാസ്റ്റർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന ........................................................................................... എന്ന പ്രബന്ധം ..................................................................ന്റെ മേൽനോട്ടത്തിൽ ഞാൻ തയ്യാറാക്കിയതാണെന്നും ഇത് മറ്റൊരംഗീകാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു. ഇതിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണപ്രബന്ധങ്ങളിൽ നിന്നോ ആശയങ്ങളോ വാക്യങ്ങളോ പകർത്തിയിട്ടില്ല എന്നും സത്യപ്രസ്താവന നടത്തുന്നു.

എം.ഫിൽ വിദ്യാർത്ഥിയുടെ ഒപ്പ്

പേര്

സ്ഥലം:

തീയതി:

**മൂന്നാമത്തെ പേജ്**

മാർഗദർശിയുടെ പേര്

ഔദ്യോഗികവിലാസം

**സാക്ഷ്യപത്രം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ..................................... ഫാക്കൽറ്റിയിലെ ..................................... വകുപ്പിൽ മാസ്റ്റർ ഓഫ് ഫിലോസഫി ബിരുദത്തിനായി .................................................... സമർപ്പിക്കുന്ന ........................................................................................... എന്ന പ്രബന്ധം എന്റെ മേൽനോട്ടത്തിലാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ഇത് മറ്റൊരു അംഗീകാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു. എന്റെ അറിവിൽ ഈ പ്രബന്ധത്തിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണപ്രബന്ധങ്ങളിൽ നിന്നോ ആശയങ്ങളോ വാക്യങ്ങളോ പകർത്തിയിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

മാർഗദർശിയുടെ പേര്

സ്ഥലം:

തീയതി:

## 9. പ്രബന്ധമൂല്യനിർണയം

9.1 എം.ഫിൽ മൂല്യനിർണയം നടത്തുന്ന രണ്ടുപേരിൽ ഒരാൾ മാർഗദർശിയും മറ്റൊരാൾ ബാഹ്യ പരിശോധകനും ആയിരിക്കും.

9.2 എം.ഫിൽ വിദ്യാർത്ഥി സിനോപ്സിസ് സമർപ്പിച്ചുകഴിഞ്ഞ് മാർഗനിർദ്ദേശകൻ വൈസ് ചാൻസലർക്ക് മൂന്നുപേരുടെ പരിശോധകപാനൽ സമർപ്പിക്കണം. വൈസ് ചാൻസലർ ഇതിൽനിന്നും ഒരാളെ ബാഹ്യപരിശോധകനായി നിയമിക്കും.

9.3 ഏതെങ്കിലും സാഹചര്യത്തിൽ മാർഗനിർദ്ദേശകൻ സമർപ്പിക്കുന്ന പാനൽ തൃപ്തികരമല്ലെങ്കിൽ പുതിയ പാനൽ വൈസ് ചാൻസലർക്ക് വാങ്ങാവുന്നതാണ്.

9.4 പ്രബന്ധ പരിശോധന

9.4.1 വൈസ്ചാൻസലർ നിയമിച്ച പരിശോധകരിൽനിന്ന് അനുമതി വാങ്ങിയതിനുശേഷം രജിസ്ട്രാർ പ്രബന്ധം എത്തിച്ചുകൊടുക്കാനുള്ള നടപടി കൈക്കൊള്ളണം.

9.4.2 പുതുനിരീക്ഷണം, പുനർവായന, മാതൃകാപരിഷ്കരണം, രീതിശാസ്ത്രമികവ് എന്നിവ തൃപ്തികരമല്ലെങ്കിൽ പരിശോധകർ ഡിഗ്രി നൽകാൻ ശുപാർശ ചെയ്യരുത്.

9.4.3 ഏതെങ്കിലും കാരണവശാൽ പ്രബന്ധം പരിഷ്കരിക്കാൻ ആവശ്യപ്പെട്ടാൽ പരിശോധകർ അതിന്റെ കാരണവും, ഏതുതരം പരിഷ്കരണമാണ് നിർദ്ദേശിക്കുന്നത് എന്നതും വിശദമാക്കണം.

9.4.4 പ്രബന്ധം തിരസ്കരിക്കാനാണ് ശുപാർശയെങ്കിൽ തൃപ്തികരമായ കാരണം കാണിക്കണം.

9.5 വാചാപ്പരീക്ഷ

9.5.1 എം.ഫിൽ വാചാപ്പരീക്ഷയിൽ ബാഹ്യപരിശോധകൻ ചെയർമാനും ഡീൻ, വകുപ്പദ്ധ്യക്ഷൻ, മാർഗദർശി എന്നിവർ അംഗങ്ങളുമായിരിക്കും.

9.6 ഗ്രേഡിംഗ് സമ്പ്രദായം

കോഴ്സ് വർക്കിന് ഒൻപത് പോയിന്റ് അടിസ്ഥാനത്തിലാണ് ഗ്രേഡ് അനുവദിക്കുക.

| ഗ്രേഡ് | ഗ്രേഡ് പോയിന്റ് | % മാർക്ക് |
|---|---|---|
| O | 10 | 100 % |
| $A^+$ | 9 | 90 - 99.9 % |
| A | 8 | 80 - 89.9 % |
| $B^+$ | 7 | 70 - 79.9 % |
| B | 6 | 60 - 69.9 % |
| $C^+$ | 5 | 50 - 59.9 % |
| C | 4 | 40 - 49.9 % |
| F | 0 | Less than 40 |
| AB | 0 | Absent |

## 10. ഇൻഫ്ളിബ്നെറ്റ്

10.1 എം.ഫിൽ പ്രബന്ധമൂല്യനിർണയ പ്രക്രിയകൾ അവസാനിച്ച്, ബിരുദ സമർപ്പണത്തിനു മുൻപായി പ്രബന്ധം INFLIBNET-ൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

10.2 ബിരുദദാനത്തിനു മുമ്പുതന്നെ ഓരോരുത്തർക്കും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. യു.ജി.സി. റഗുലേഷൻസ് 2016 ലെ (Minimum standards and Proceedure for Awards of M.Phil Degree) നിബന്ധനകളും 2018 ലെ ഭേദഗതിയും പാലിച്ചിട്ടുണ്ട് എന്ന് ബിരുദത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽപറഞ്ഞ ചട്ടങ്ങളും നിബന്ധനകളും നടപ്പാക്കുന്നതിൽ എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളോ ആക്ഷേപമോ ഉണ്ടായാൽ അത് വൈസ്ചാൻസലറെ അറിയിക്കുകയും വൈസ്ചാൻസലറുടെ തീരുമാനം അന്തിമമായിരിക്കുകയും ചെയ്യും.

ഡോ. ടി. അനിതകുമാരി
രജിസ്ട്രാർ ഇൻ ചാർജ്

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം – 676502 ഫോൺ : 0494–2631230

# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
# പിഎച്ച്.ഡി. ബിരുദ ചട്ടങ്ങളും നിബന്ധനകളും

**ആമുഖം:**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 ന്റെ 49–ാം വകുപ്പ്, (a) & (b) പ്രകാരം 05–12–2015 ൽ 002/2015–ാം നമ്പറായി സർവകലാശാല പുറപ്പെടുവിച്ച എം.ഫിൽ/പിഎച്ച്.ഡി റഗുലേഷൻസ്, 2016 ജൂലൈ 5 ന് നമ്പർ F.1-2/2009 (EC/PS)V (I) Vol. II പ്രകാരം അസാധാരണവിജ്ഞാപനമായി ഇന്ത്യാ ഗസറ്റ് നം. 278, പാർട്ട് III –സെക്ഷൻ 4ൽ പ്രസിദ്ധീകരിച്ച യു.ജി.സി.യുടെ എം.ഫിൽ/ പിഎച്ച്.ഡി. റഗുലേഷൻസ് 2016, 2018 ഒക്ടോബർ 16 ലെ രണ്ടാം ഭേദഗതി എന്നിവ പ്രകാരം 2018 ഒക്ടോബർ 16 ലെ പത്താമതു ഗവേഷണസഭാ തീരുമാനപ്രകാരം നിയോഗിക്കപ്പെട്ട, രജിസ്ട്രാർ ഇൻ ചാർജ് കൺവീനറും രണ്ട് അംഗങ്ങളും ചേർന്ന ഉപസമിതിയാണ് ഈ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. 2018 നവംബർ 26, ഡിസംബർ 15 തീയതികളിൽ ചേർന്ന ഗവേഷണ കൗൺസിൽ യോഗങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച ചട്ടങ്ങളാണിത്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ അഞ്ചു ഫാക്കൽറ്റികളിലായി പ്രവർത്തിക്കുന്ന പത്തു വകുപ്പുകളിലും പിഎച്ച്.ഡി. പ്രോഗ്രാമുകൾ നിലവിലുണ്ട്. ഇതിനു പുറമേ സർവകലാശാലയിലെ എഴുത്തച്ഛൻ പഠനകേന്ദ്രം സാഹിത്യവിഭാഗത്തിന്റെ അംഗീകൃത ഗവേഷണകേന്ദ്രം ആയിരിക്കും. മലയാളസർവകലാശാലയുടെ പിഎച്ച്.ഡി. പ്രവേശനം, 2018 ലെ പിഎച്ച്.ഡി. പ്രബന്ധസമർപ്പണം, ബിരുദം നൽകൽ എന്നിവയെല്ലാം ഈ ചട്ടങ്ങൾക്കു വിധേയമായിരിക്കും.

## 1. പേര്, അപേക്ഷ, പ്രവേശനവിജ്ഞാപനം

1.1 മലയാളസർവകലാശാല പിഎച്ച്.ഡി. ഗവേഷണച്ചട്ടങ്ങളും നിബന്ധനകളും 2018 എന്ന് ഇതറിയപ്പെടും.

1.2 2018 ഒക്ടോബർ 16 മുതൽ ഈ ചട്ടങ്ങളും നിബന്ധനകളും പ്രാബല്യത്തിൽ വരും.

1.3 2018 ഡിസംബർ മുതൽ പ്രബന്ധസമർപ്പണം നടത്തുന്നവരും പ്രവേശനം നേടുന്നവരും ഈ ചട്ടത്തിന്റെ പരിധിയിലുൾപ്പെടും.

1.4 യു.ജി.സി. റഗുലേഷൻസ് 2016 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പിഎച്ച്.ഡി. ബിരുദം നൽകുന്നത്. (മിനിമം സ്റ്റാൻഡേർഡ്സ് ആന്റ് പ്രൊസീജിയർ ഫോർ അവാർഡ് ഓഫ് പിഎച്ച്.ഡി. ഡിഗ്രീസ്, യു.ജി.സി. റഗുലേഷൻസ് 2016, രണ്ടാം ഭേദഗതി, യു.ജി.സി. റഗുലേഷൻസ് 2018). അതതു കാലഘട്ടങ്ങളിലെ യു.ജി.സി. നിബന്ധനകളും പാലിക്കപ്പെടും.

1.5 എല്ലാവർഷവും ഏപ്രിലിൽ അപേക്ഷ ക്ഷണിച്ച് മെയ് മാസം പ്രവേശനപ്പരീക്ഷയും പ്രവേശനനടപടികളും പൂർത്തിയാക്കി ജൂൺ ആദ്യ ആഴ്ച മുതൽ പിഎച്ച്.ഡി. പ്രോഗ്രാമുകൾ ആരംഭിക്കും.

1.6 വിജ്ഞാപനമനുസരിച്ചുള്ള നിബന്ധനകൾ പാലിച്ച്, സർവകലാശാല നിശ്ചയിച്ചിട്ടുള്ള അപേക്ഷാഫീസ് ബാങ്കിൽ അടച്ച്, നിർദ്ദിഷ്ടരീതിയിൽ അപേക്ഷ സമർപ്പിക്കണം.

## 2. പിഎച്ച്.ഡി. പ്രവേശന യോഗ്യത

2.1 അംഗീകൃത സർവകലാശാലയിൽ നിന്ന് അതതു വിഷയത്തിലോ, ബന്ധപ്പെട്ട വിഷയത്തിലോ 55 ശതമാനം അഥവാ തത്തുല്യമായ ഗ്രേഡോടുകൂടിയ ബിരുദാനന്തരബിരുദമാണ് അപേക്ഷ നൽകാനുള്ള അടിസ്ഥാന യോഗ്യത. എം.ഫിൽ ബിരുദം അടിസ്ഥാന യോഗ്യതയായുള്ള വരും കോഴ്സ് വർക്കിൽ മാർക്കിന്റെ ശതമാനം മേൽ സൂചിപ്പിച്ച പ്രകാരം പാലിക്കേണ്ടതുണ്ട്.

2.2 എസ്.സി./എസ്.ടി./ഒ.ബി.സി. (നോൺ ക്രീമിലെയർ)/ഭിന്നശേഷി വിഭാഗക്കാർക്കും സർവകലാശാലയോ, സർക്കാരോ അതതു കാലത്ത് തീരുമാനിക്കുന്ന പ്രത്യേക വിഭാഗക്കാർക്കും നിശ്ചിത ശതമാനത്തിൽ നിന്നും 5 ശതമാനം മാർക്കിന് ഇളവു ലഭിക്കും. അതായത് മേൽ സൂചിപ്പിച്ചവർക്ക് 50 ശതമാനം മാർക്ക് അഥവാ തത്തുല്യമായ ഗ്രേഡ് ഉണ്ടായിരിക്കണം.

2.3 പിഎച്ച്.ഡി. പ്രോഗ്രാം അപേക്ഷകർക്കായി സർവകലാശാല പൊതു പ്രവേശനപ്പരീക്ഷ നടത്തുന്നതാണ്.

2.4 സർവകലാശാലാ ആസ്ഥാനത്തു നടക്കുന്ന മൂന്നു മണിക്കൂർ ദൈർഘ്യമുള്ള പൊതുപ്രവേശനപ്പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ലഭിച്ചെങ്കിലേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. പ്രവേശനപ്പരീക്ഷയുടെ മാർക്കിൽ ഒ.ബി.സി. (നോൺ ക്രീമിലയർ)/ഭിന്നശേഷി വിഭാഗക്കാർക്ക് 45 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിന് 40 ശതമാനവും മാർക്ക് മതിയാകും.

2.5 എം.ഫിൽ പ്രോഗ്രാം കോഴ്സ് വർക്ക് പൂർത്തിയാക്കുകയും പ്രബന്ധമൂല്യനിർണയം കഴിഞ്ഞ് വൈവ-വോസിപ്പരീക്ഷ മാത്രം നടക്കാതിരിക്കുകയും ചെയ്യുന്ന അപേക്ഷകരുടെ പിഎച്ച്.ഡി. പ്രവേശനത്തിന് എം.ഫിൽ യോഗ്യതയ്ക്ക് സർവകലാശാല നിശ്ചയിക്കുന്ന അധിക മാർക്ക് നൽകി റാങ്ക് പട്ടിക തയ്യാറാക്കാവുന്നതാണ്.

2.6 പ്രവേശനപ്പരീക്ഷയുടെ പൂർണ ഉത്തരവാദിത്തം പരീക്ഷാകൺട്രോളർക്കായിരിക്കും. പ്രവേശനപ്പരീക്ഷയിൽ 50:50 എന്ന ക്രമത്തിൽ ബിരുദാനന്തരബിരുദ വിഷയവുമായും, ഗവേഷണരീതിശാസ്ത്രവുമായും ബന്ധപ്പെട്ട ചോദ്യങ്ങളുണ്ടായിരിക്കും.

## 3. പ്രവേശനപ്രക്രിയ

3.1 സർവകലാശാല നടത്തുന്ന പൊതു പ്രവേശനപ്പരീക്ഷയുടെ സ്കോറിന്റെ അടിസ്ഥാനത്തിൽ ആകെ സീറ്റിന്റെ മൂന്നിരട്ടി വിദ്യാർത്ഥികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കാം. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവർ സർവകലാശാല നിർദ്ദേശിക്കുന്ന തീയതിക്കകം, താല്പര്യമുള്ള ഗവേഷണവിഷയത്തിന്റെ രൂപരേഖ (Outline) - ടൈപ്പ് ചെയ്ത് 5 പേജിൽ (എ4) കുറയാതെ സമർപ്പിക്കണം. ചുരുക്കപ്പട്ടികയിൽനിന്നും മുഖാമുഖത്തിന് ക്ഷണിച്ചായിരിക്കും പ്രവേശനം അനുവദിക്കുക. വിഷയാവതരണത്തിനും അഭിമുഖത്തിനും 30% മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രവേശനപ്പരീക്ഷയുടെയും അവതരണം, അഭിമുഖം എന്നിവയുടെയും മാർക്കുകൾ 70:30 എന്ന ക്രമത്തിൽ കണക്കാക്കിക്കൊണ്ടാണ് അന്തിമപട്ടിക പ്രസിദ്ധീകരിക്കുക. അന്തിമപട്ടികയിൽ നിന്നും സംവരണക്രമം പാലിച്ചുകൊണ്ടായിരിക്കും പ്രവേശനം നടത്തുക.

3.2 ജെ.ആർ.ഫ്. (J.R.F.) നെറ്റ് (NET) തത്തുല്യ പരീക്ഷകൾ വിജയിച്ചിട്ടുള്ളവർക്ക് ഈ പൊതു പ്രവേശനപ്പരീക്ഷാ മാനദണ്ഡം ബാധകമല്ല. ജെ.ആർ.എഫ്. നേടിയിട്ടുള്ളവരെ പൊതു പ്രവേശനപ്പരീക്ഷയുടെ 100% ത്തിന് തുല്യമായും, നെറ്റ്/തത്തുല്യപരീക്ഷാ വിജയികളെ അതതു വർഷങ്ങളിലെ പൊതു പ്രവേശനപ്പരീക്ഷയിലെ ഏറ്റവും ഉയർന്ന മാർക്കിന് തുല്യമായും പരിഗണിക്കും.

3.3 ജെ.ആർ.ഫ്., നെറ്റ് തത്തുല്യ പരീക്ഷ വിജയികൾക്ക് പൊതു പ്രവേശനപ്പരീക്ഷയിൽ ഇളവ് അനുവദിക്കുമെങ്കിലും ഇവർ പ്രവേശനം ലഭിക്കാനായി മുഖാമുഖത്തിന് പങ്കെടുക്കേണ്ടതാണ്. ജെ.ആർ.എഫ്., നെറ്റ് തത്തുല്യ പരീക്ഷകൾ, ടീച്ചർ റിസർച്ച് ഫെല്ലോഷിപ്പ് വിജയികൾക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന സീറ്റിന്റെ 50% ത്തിന് തുല്യമായ പ്രവേശനമാണ് അനുവദിക്കുക.

3.4 യു.ജി.സി.യിൽനിന്ന് എഫ്.ഐ.പി. ആനുകൂല്യം നേടിയിട്ടുള്ളവർ പ്രവേശനപ്പരീക്ഷ എഴുതേണ്ടതില്ല.

3.5 സർവകലാശാലാ വെബ്സൈറ്റിലും രണ്ടു പ്രാദേശിക ദിനപത്രങ്ങളിലും പ്രവേശന വിവരങ്ങൾ (ഒഴിവുള്ള സീറ്റുകൾ, വിഷയം, പ്രവേശനമാനദണ്ഡം, പ്രവേശനപ്രക്രിയ, പരീക്ഷാകേന്ദ്രം, പരീക്ഷാ തീയതി എന്നിവ) സഹിതം പരസ്യങ്ങൾ നൽകിയിരിക്കണം.

3.6 യു.ജി.സി. റഗുലേഷൻസ് 2016 ന്റെ 2018 ലെ രണ്ടാം ഭേദഗതി അനുസരിച്ച്, സർവകലാശാല തയ്യാറാക്കി ഉന്നതസമിതികളാൽ അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങളും സംസ്ഥാന സർക്കാർ/സർവകലാശാല നിർദ്ദേശിച്ചിട്ടുള്ള സംവരണക്രമങ്ങളും പാലിച്ചുകൊണ്ടായിരിക്കും പ്രവേശനം.

3.7 അതതു വകുപ്പുകൾ രൂപീകരിക്കുന്ന ഗവേഷണ ഉപദേശകസമിതിക്കു മുന്നിൽ അഭിമുഖത്തിനു യോഗ്യരായവർ ഗവേഷണവിഷയം അവതരിപ്പിക്കേണ്ടതുണ്ട്.

3.7.1 ഈ കമ്മിറ്റിയിൽ പുറത്തുനിന്നുള്ള ഒരു വിഷയവിദഗ്ദ്ധൻ, ഫാക്കൽറ്റി ഡീൻ, വകുപ്പദ്ധ്യക്ഷൻ, അതതു വകുപ്പിലെ മാർഗദർശികൾ എന്നിവർ അംഗങ്ങളായിരിക്കും.

3.8 അഭിമുഖത്തിൽ താഴെപ്പറയുന്നവ വിലയിരുത്തപ്പെടണം.

3.8.1 സമർപ്പിച്ച വിഷയത്തിൽ ഗവേഷണത്തിനുള്ള പ്രാപ്തി.

3.8.2 ഗവേഷണകേന്ദ്രത്തിന് പ്രസ്തുതവിഷയം ഏറ്റെടുക്കുന്നതിനുള്ള സാഹചര്യം.

3.8.3 പ്രസ്തുതവിഷയത്തിലൂടെ നൂതനമോ/അധികമോ ആയ കണ്ടെത്തലുകൾക്കോ, ജ്ഞാനോല്പാദനത്തിനോ സാധ്യതയുണ്ടോ?

3.9 ഓരോ വർഷവും പ്രവേശനം നേടുന്ന പിഎച്ച്.ഡി. ഗവേഷകരുടെ പേര്, ഗവേഷണവിഷയം, മാർഗദർശി, രജിസ്ട്രേഷൻ തീയതി എന്നിവ സർവകലാശാലാ വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

3.10 പൂർണഗവേഷണം/ഭാഗികഗവേഷണം

3.10.1 പിഎച്ച്.ഡി. പ്രവേശനപ്പരീക്ഷ, അഭിമുഖം എന്നിവയ്ക്കു ശേഷം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സംവരണക്രമം പാലിച്ചുകൊണ്ട് പ്രവേശനം നേടുന്നവർ സർവകലാശാലയിലെ പൂർണസമയ (Full-time) ഗവേഷകർ ആയിരിക്കും.

3.10.2 മലയാളസർവകലാശാലയിലെ അദ്ധ്യാപകർ, സർക്കാർ/അർദ്ധസർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥിര ജീവനക്കാർ എന്നിവർക്കും ഭാഗികഗവേഷണത്തിന് അവസരമുണ്ടായിരിക്കും.

3.10.2.1 ഭാഗികഗവേഷണത്തിന് അപേക്ഷിക്കുന്നവരും പ്രവേശനമാനദണ്ഡങ്ങൾ (മാർക്ക് ശതമാനം ഉൾപ്പെടെ) പാലിക്കേണ്ടതാണ്.

3.10.2.2 ഭാഗിക ഗവേഷകരും ആദ്യ ആറുമാസ കോഴ്സ് വർക്ക് പൂർണസമയ ഗവേഷകരായി പൂർത്തിയാക്കിയിരിക്കണം.

3.10.3 ആറുമാസത്തെ കോഴ്സ് വർക്ക് പൂർത്തിയാക്കുന്ന ഒരു ഗവേഷണ വിദ്യാർത്ഥിക്ക് ജോലി ലഭിക്കുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്/അപ്പോയ്മെന്റ് ഓർഡർ ഹാജരാക്കുന്ന പക്ഷം ആ ഗവേഷകന്റെ/യുടെ പൂർണസമയ ഗവേഷണം ഭാഗികഗവേഷണമായി മാറ്റാവുന്നതാണ്.

3.10.3.1 ഇവർ നിശ്ചിത ഫീസടച്ച് അതിനുള്ള അപേക്ഷ സർവകലാശാലയിൽ നൽകേണ്ടതാണ്.

3.10.3.2 ഇവർക്ക് പ്രബന്ധസമർപ്പണത്തിന് പരമാവധി 6 വർഷം വരെ സമയം അനുവദിക്കുന്നതാണ്.

3.10.3.3 ഇത്തരത്തിൽ ഭാഗികഗവേഷണത്തിലേക്കു മാറുന്ന ഗവേഷകർ വർഷം തോറും സർവകലാശാലയിൽ പ്രതിവർഷം 30 ദിവസത്തെ ഹാജർ നിർബന്ധമായും നേടിയിരിക്കണം.

3.11 പ്രവേശനസമയത്ത് ഹാജരാക്കേണ്ട രേഖകൾ

3.11.1 വയസ്സ് തെളിയിക്കാൻ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്

3.11.2 ബിരുദാനന്തരബിരുദ ഡിഗ്രി, അല്ലെങ്കിൽ പ്രൊഫഷണൽ സർട്ടിഫിക്കറ്റും, മാർക്ക്ഷീറ്റുകളും.

3.11.3 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ജാതി അടിസ്ഥാനത്തിലുള്ള ആനുകൂല്യം/ സംവരണം അവകാശപ്പെടുന്നെങ്കിൽ)

3.11.4 മറ്റു ജോലിയുള്ളവർ തൊഴിൽദാതാവിൽനിന്നുള്ള നിരാക്ഷേപപത്രം (no-objection certificate).

3.11.5 പഠിച്ച സ്ഥാപനത്തിൽനിന്നുള്ള സ്വഭാവസർട്ടിഫിക്കറ്റും ട്രാൻസ്ഫർ സർട്ടിഫിക്കറ്റും.

3.11.6 കേരളത്തിനു പുറത്തുള്ള സർവകലാശാലകളിൽ നിന്നു വരുന്നവർ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. JRF, FIP ഗവേഷകർ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

3.11.7 സർവകലാശാലയുമായി ഫെല്ലോഷിപ്പു സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്.

3.12 ഫീസ് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അപേക്ഷാ ഫീസ് (ജനറൽ)<br>എസ്.സി/എസ്.ടി/ഒ.ബി.സി | 500.00<br>200.00 | |
| 2 | രജിസ്ട്രേഷൻ ഫീ | 1000.00 | പ്രവേശന സമയത്ത് ഹോസ്റ്റൽ, വാഹന ഫീസ് കൂടാതെ 5000.00 രൂപ |
| 3 | ട്യൂഷൻ/റിസർച്ച് ഫീ (ആറുമാസം) | 1000.00 | |
| 4 | മാഗസിൻ | 200.00 | |
| 5 | വിദ്യാർത്ഥി യൂണിയൻ | 200.00 | |
| 6 | പൂർവവിദ്യാർത്ഥി രജിസ്ട്രേഷൻ<br>(അഞ്ച് വർഷം പ്രാബല്യം) | 100.00 | |
| 7 | ലൈബ്രറി ഫീസ് | 500.00 | |
| 8 | സുരക്ഷാ നിക്ഷേപം (ലൈബ്രറി) | 1000.00 | |
| 9 | സുരക്ഷാ നിക്ഷേപം | 1000.00 | |
| 10 | കോഴ്സ് വർക്ക് പരീക്ഷാ ഫീ - സെമസ്റ്റർ- 1<br>(പേപ്പർ ഒന്നിന് - 200) 200 x 3 | 600.00 | |
| 11 | കോഴ്സ് വർക്ക് സർട്ടിഫിക്കറ്റ് ഫീ | 500.00 | |
| 12 | പ്രബന്ധ ശീർഷക മാറ്റം | 500.00 | |
| 13 | പ്രബന്ധം- പ്രീസബ്മിഷൻ ഫീ | 2000.00 | അവസാന സെമസ്റ്റർ |
| 14 | പ്രബന്ധ മൂല്യനിർണയം | 4000.00 | |
| 15 | ഓപ്പൺ ഡിഫൻസ് | 2500.00 | |
| 16 | പിഎച്ച്.ഡി ഡിഗ്രി | 1000.00 | |
| 17 | കോൺവൊക്കേഷൻ | 1000.00 | |
| 18 | പ്രബന്ധ പുനഃസമർപ്പണം | 1000.00 | |
| 19 | പുനഃപരീക്ഷ (പേപ്പർ ഒന്നിന്) | 500.00 | |
| 20 | പുനർ മൂല്യനിർണ്ണയം (പേപ്പർ ഒന്നിന്) | 500.00 | |
| 21 | മൈഗ്രേഷൻ സർട്ടിഫിക്കറ്റ് | 100.00 | |
| 22 | കോഴ്സ് വർക്ക്<br>(മാർക്ക് ലിസ്റ്റ് ആവശ്യമുള്ളവർ മാത്രം) | 250.00 | |
| 23 | ഡ്യൂപ്ലിക്കേറ്റ് പിഎച്ച്.ഡി ഡിഗ്രി സർട്ടിഫിക്കറ്റ് | 1500.00 | |
| 24 | ഐ.ഡി. കാർഡ് (ഡ്യൂപ്ലിക്കേറ്റ്) | 200.00 | |
| 25 | വാഹന വാടക (വാർഷികം) | 3000.00 | |
| 26 | കാലാവധി നീട്ടൽ/റീ-രജിസ്ട്രേഷൻ - ഓരോ ആറുമാസത്തിനും 1000 വീതം പരമാവധി രണ്ടുതവണ<br>(വനിതകൾക്കും ഭിന്നശേഷിക്കാർക്കും 1000 വീതം പരമാവധി നാലു തവണ) | 2000.00<br>4000.00 | |
| 27 | കാലാവധിക്കുശേഷം പ്രബന്ധസമർപ്പണം<br>(4 വർഷം കഴിഞ്ഞ് ഒരു വർഷം കൂടി)<br>റീ-രജിസ്ട്രേഷനു പുറമേ ഫൈൻ ഒറ്റത്തവണ | 1000.00<br>50000.00 | |
| 28 | 5 വർഷം കഴിഞ്ഞ വനിതാ ഗവേഷകർക്കും ഭിന്നശേഷിക്കാർക്കും<br>റീ-രജിസ്ട്രേഷനു പുറമേ ഫൈൻ ഒറ്റത്തവണ | 1000.00 +<br>50000.00 | |

## 4. പിഎച്ച്.ഡി. പ്രോഗ്രാമിന്റെ കാലാവധി

4.1 പിഎച്ച്.ഡി., കോഴ്സ് വർക്ക് ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് 3 വർഷ പ്രോഗ്രാം ആയിരിക്കും.

4.2 എം.ഫിൽ ബിരുദം നേടി പിഎച്ച്.ഡി. പ്രവേശനം നേടുന്നവർക്ക് കോഴ്സ് വർക്ക് ഒഴികെ 2½ വർഷം മതിയാകും.

4.3 പിഎച്ച്.ഡി. ഗവേഷകർക്ക് സർവകലാശാലാ ഫെല്ലോഷിപ്പ് 3 വർഷവും, എം.ഫില്ലിനു ശേഷം പിഎച്ച്.ഡി. പ്രവേശനം നേടിയവർക്ക് 2½ വർഷവും ആയിരിക്കും. ഫെല്ലോഷിപ്പ് കൂടാതെ പ്രബന്ധസമർപ്പണത്തിന് പരമാവധി ഒരു വർഷ കാലയളവു കൂടി മാർഗനിർദ്ദേശകന്റെയും ഗവേഷണ ഉപദേശകസമിതിയുടെയും ശുപാർശ പ്രകാരം വൈസ് ചാൻസലർ അനുവദിക്കുന്നതാണ്. അതായത് സർവകലാശാലാ ഗവേഷകൻ പരമാവധി 4 വർഷത്തിനുള്ളിലും എംഫില്ലിനുശേഷം പ്രവേശനം നേടിയവർ 3½ വർഷത്തിനുള്ളിലും പ്രബന്ധം സമർപ്പിക്കേണ്ടതാണ്.

4.4 ജെ.ആർ.എഫ്/മറ്റു ഫെല്ലോഷിപ്പുകൾ എന്നിവയോടെ പ്രവേശനം നേടിയവരുടെ പിഎച്ച്. ഡി. ഗവേഷണ കാലാവധി ഫെല്ലോഷിപ്പ് കാലാവധി തീരുംവരെ ആയിരിക്കും.

4.4.1 എന്നാൽ സർവകലാശാലാ ഫെല്ലോഷിപ്പോടെ ഗവേഷണം തുടരുന്നതിനിടെ ജെ. ആർ.എഫ്./മറ്റു ഫെല്ലോഷിപ്പുകൾ എന്നിവ നേടുന്നവരുടെ ഗവേഷണ കാലാവധി പരമാവധി 5 വർഷമായിരിക്കും.

4.5 പിഎച്ച്.ഡി. പ്രവേശനം നേടിയ വനിതാ ഗവേഷകരിൽ സർവകലാശാലാ ഫെല്ലോഷിപ്പ് ലഭിക്കുന്നവർക്ക്, ഫെല്ലോഷിപ്പോടു കൂടിയ പ്രസവാവധിക്ക് 6 മാസവും (180 ദിവസം) ജെ. ആർ.എഫ്. ഗവേഷകർക്ക് ഫെല്ലോഷിപ്പോടുകൂടിയ പ്രസവാവധിക്ക് 8 മാസവും (240 ദിവസം) ഗവേഷണകാലയളവിനുള്ളിൽ ഒരു തവണ മാത്രം അർഹതയുണ്ടായിരിക്കും.

4.6 ആകെയുള്ള ഗവേഷണകാലയളവിനുള്ളിൽ പ്രസവാവധിയുടെ കാലയളവും ഉൾപ്പെടുന്നതായിരിക്കും.

4.7 40 ശതമാനത്തിലധികം ശാരീരികവൈകല്യമുള്ള ഗവേഷകർക്കും വനിതകൾക്കും പിഎച്ച്.ഡി. ഗവേഷണകാലയളവിൽ 2 വർഷത്തെ ഇളവ് അനുവദിക്കുന്നതാണ്.

4.7.1 ഇവർക്ക് പിഎച്ച്.ഡി. ഗവേഷണ കാലയളവ് 5 വർഷവും (3+2) ജെ.ആർ.എഫ് നേടിയ വനിതകൾക്ക് 7 വർഷവും (5+2) ആയിരിക്കും.

4.7.2 ഗവേഷണത്തിന്റെ അധികകാലയളവുകളിൽ സർവകലാശാലാ ഫെല്ലോഷിപ്പോ, ഹോസ്റ്റൽ സൗകര്യമോ വാഹനസൗകര്യമോ ഉണ്ടായിരിക്കുകയില്ല.

4.8 ഫെല്ലോഷിപ്പ് കാലാവധിക്കുശേഷം പ്രബന്ധസമർപ്പണത്തിന് അധിക കാലയളവ് സ്വീകരിക്കുന്നവർ സർവകലാശാല നിശ്ചയിക്കുന്ന റീ-രജിസ്ട്രേഷൻ, ഫീസ് അടയ്ക്കേണ്ടതും ഗവേഷണ ഉപദേശകസമിതിയുടെ അനുമതി തേടേണ്ടതുമാണ്. ഗവേഷണ മാർഗദർശിയുടെ ശുപാർശയോടെ വകുപ്പദ്ധ്യക്ഷൻ മുഖേന, കാലാവധി തീരുന്നതിന് ഒരു മാസം മുമ്പ് പരീക്ഷാകൺട്രോളർക്ക് അപേക്ഷ നൽകണം.

4.9 പിഎച്ച്.ഡി. ഗവേഷണത്തിന്റെ അധികസമയം ഉൾപ്പെടെ വിനിയോഗിച്ച ശേഷവും പ്രബന്ധം സമർപ്പിക്കാത്തവരുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യപ്പെടുന്നതാണ്.

4.10 അങ്ങനെയുള്ളവർക്ക് റീ-രജിസ്ട്രേഷനും സർവകലാശാല നിശ്ചയിക്കുന്ന ഫൈൻ തുകയും അടച്ചശേഷം അതതു വകുപ്പുകളിലെ ഗവേഷണ ഉപദേശകസമിതിയുടെ മുന്നിൽ ഹാജരായി പുനഃപ്രവേശനം നേടി പ്രബന്ധം സമർപ്പിക്കുവാൻ ഒരു തവണകൂടി അവസരം നൽകുന്നതായിരിക്കും.

## 5. ഗവേഷണമാർഗദർശിയുടെ നിർണയനം

5.1 സർവകലാശാലയിൽ സ്ഥിരനിയമനം നേടിയ പ്രൊഫസർ, അസോഷ്യേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരിൽ നിന്നും ഗവേഷണബിരുദം, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഗവേഷണമാർഗദർശികളെ റിസർച്ച് കൗൺസിലിന്റെ അനുമതിയോടെ വൈസ് ചാൻസലർക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

5.2 പിഎച്ച്.ഡി. ബിരുദത്തിനുശേഷം യു.ജി.സി./സർവകലാശാല അംഗീകരിച്ച രണ്ട് ഗവേഷണ ജേണലുകളിലെങ്കിലും പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചവർ ആയിരിക്കണം.

5.3 ഏതെങ്കിലും പ്രത്യേക വിഷയങ്ങളിൽ, പ്രത്യേക സാഹചര്യങ്ങളിൽ അംഗീകൃത ജേണലുകൾ ഇല്ലാത്തപക്ഷം ഇക്കാര്യത്തിൽ സർവകലാശാലയ്ക്ക് തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

5.4 സർവകലാശാലാ പ്രൊഫസർക്ക് എട്ടും, അസോ. പ്രൊഫസർക്ക് ആറും, അസി. പ്രൊഫസർക്ക് നാലും എന്ന കണക്കിലല്ലാതെ യാതൊരു സാഹചര്യത്തിലും ഇതിലധികം ഗവേഷകരെ സ്വീകരിക്കാവുന്നതല്ല.

5.5 ഒരു ഗവേഷണമാർഗദർശിയുടെ കീഴിലുള്ള ഗവേഷക/ൻ പ്രബന്ധം സമർപ്പിക്കുന്ന ദിവസം മുതൽ പ്രസ്തുത സീറ്റ് ഒഴിവുള്ളതായി കണക്കാക്കാവുന്നതാണ്.

5.6 അന്തർ-വൈജ്ഞാനികസ്വഭാവമുള്ള ഗവേഷണവിഷയങ്ങളിൽ അതതു വകുപ്പുകളിലെ അദ്ധ്യാപകൻ പ്രധാന മാർഗദർശിയും അനുബന്ധ വകുപ്പിലെയോ, വിഷയത്തിലെയോ, സ്ഥാപനത്തിലെയോ അദ്ധ്യാപകൻ സഹമാർഗദർശിയും (Co-guide) ആയി ആവശ്യമെങ്കിൽ റിസർച്ച് കൗൺസിലിന് നിശ്ചയിക്കാവുന്നതാണ്.

5.6.1 സർവകലാശാലയ്ക്കു പുറത്തു പ്രവർത്തിക്കുന്നവർ സർവകലാശാലയിലെ ഗവേഷണമാർഗദർശികളായിരിക്കുന്നതല്ല. ഏതെങ്കിലും പ്രത്യേക വിഷയത്തിൽ സഹമാർഗദർശി (Co-guide) ആകാവുന്നതാണ്.

5.6.2 സർവകലാശാലയിലെ അദ്ധ്യാപകരുടെ സഹമാർഗദർശിത്വം (Co-guide) യു.ജി.സി. നിശ്ചയിച്ചിരിക്കുന്ന ഗവേഷകരുടെ എണ്ണത്തോടൊപ്പം പരമാവധി രണ്ടുപേരെ കൂടി മാത്രം ഉൾക്കൊള്ളുന്നതായിരിക്കണം.

## 6. സിനോപ്സിസ് സമർപ്പിക്കൽ

6.1 പിഎച്ച്.ഡി. പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് പൂർത്തിയാകുന്നതോടൊപ്പം ഗവേഷണവിഷയത്തിന്റെ കൃത്യമായ രൂപരേഖ വകുപ്പദ്ധ്യക്ഷനു സമർപ്പിക്കേണ്ടതാണ്.

6.2 അതതു വകുപ്പു നിശ്ചയിക്കുന്ന പുറമേനിന്നുള്ള വിഷയവിദഗ്ദ്ധൻ ഉൾപ്പെടുന്ന ഗവേഷണ ഉപദേശകസമിതി രൂപരേഖ പരിശോധിച്ച് അന്തിമമായി അംഗീകരിക്കുകയും ഗവേഷണ മാർഗദർശിയെ ശുപാർശ ചെയ്യുകയും ചെയ്യും.

6.2.1 മാർഗനിർദ്ദേശകന്റെ മേൽനോട്ടത്തിൽ വിശദമായ സിനോപ്സിസ് തയ്യാറാക്കി വകുപ്പദ്ധ്യക്ഷൻ മുഖേന റിസർച്ച് കൗൺസിലിനു സമർപ്പിക്കണം.

6.3 രജിസ്ട്രേഷൻ പൂർത്തിയാക്കൽ

റിസർച്ച് കൗൺസിലിന്റെ ശുപാർശപ്രകാരം രജിസ്ട്രാർ രജിസ്ട്രേഷൻ അംഗീകരിച്ച് ഉത്തരവിറക്കും. ഗവേഷകൻ, ഗവേഷണവിഷയം, മാർഗദർശി, ഗവേഷണം ആരംഭിക്കുന്ന തീയതി എന്നിവ ഈ ഉത്തരവിൽ ഉണ്ടായിരിക്കണം. ഉത്തരവ് ഇറക്കുന്നതിനുമുമ്പ് താഴെപറയുന്ന കാര്യങ്ങൾ റിസർച്ച് കൗൺസിൽ പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിരിക്കണം.

- നിർദ്ദേശിച്ച വിഷയത്തിന് ഗവേഷണസാധുതയുണ്ട്.
- സർവകലാശാലയിൽ ഈ ഗവേഷണം നടത്തുവാനുള്ള സൗകര്യമുണ്ട്.
- ഈ വിദ്യാർത്ഥിക്ക് ഈ വിഷയത്തിൽ ഗവേഷണം നടത്താനുള്ള ശേഷിയുണ്ട്.

6.4 ഗവേഷണവിഷയമാറ്റം

സിനോപ്സിസ്, റിസർച്ച് കൗൺസിൽ അംഗീകരിച്ച് ആറുമാസത്തിനുള്ളിൽ മാർഗനിർദ്ദേശകന്റെ ശുപാർശയോടെ ഗവേഷണവിഷയം മാറ്റാനായുള്ള അപേക്ഷ നൽകാവുന്നതാണ്. റിസർച്ച് കൗൺസിലിന് ഗവേഷണവിഷയം മാറ്റുവാനുള്ള കാരണം തൃപ്തികരമായി തോന്നിയാൽ ഗവേഷണവിഷയം മാറ്റുവാനുള്ള അനുമതി നൽകാവുന്നതാണ്. വിഷയം മാറ്റിയാലും ഗവേഷണത്തിന് അനുവദിച്ചിട്ടുള്ള ഏറ്റവും ഉയർന്ന കാലപരിധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കണം.

6.5 പ്രബന്ധത്തിന്റെ തലക്കെട്ടുമാറ്റം

ഏതെങ്കിലും സാഹചര്യത്തിൽ പ്രബന്ധത്തിന്റെ തലക്കെട്ടിൽ മാറ്റംവരുത്തണമെങ്കിൽ പ്രബന്ധം സമർപ്പിക്കുന്നതിന്റെ രണ്ടുമാസം മുമ്പ് ഗവേഷണ വിദ്യാർത്ഥി മാർഗനിർദ്ദേശകന്റെയും വകുപ്പദ്ധ്യക്ഷന്റെയും അറിവോടെ റിസർച്ച് കൗൺസിലിന് ഡീൻവഴി അപേക്ഷ നൽകണം. വകുപ്പദ്ധ്യക്ഷന്റെയും ഡീനിന്റെയും ശുപാർശ പരിഗണിച്ച് റിസർച്ച് കൗൺസിലിന് തലക്കെട്ടുമാറ്റം അനുവദിക്കാവുന്നതാണ്.

6.6 മാർഗനിർദ്ദേശകന്റെ മാറ്റം

ഒരു പിഎച്ച്.ഡി. വിദ്യാർത്ഥിക്ക് താഴെപറയുന്ന സന്ദർഭങ്ങളിൽ മാർഗനിർദ്ദേശകനെ മാറ്റാൻ അപേക്ഷ സമർപ്പിക്കാം.

6.6.1 വ്യക്തിപരമായ കാരണങ്ങളാൽ മാർഗനിർദ്ദേശകന് വിദ്യാർത്ഥിയെ മേൽനോട്ടം വഹിക്കാൻ കഴിയാത്ത അവസ്ഥ.

6.6.2 വിഷയത്തിലോ പഠനമേഖലയിലോ ഉണ്ടാകുന്ന മാറ്റം.

6.6.3 വിഷയത്തിന്റെ സവിശേഷതകാരണം മറ്റൊരു വിദഗ്ധനെ ആവശ്യംവരുന്ന സന്ദർഭം.

6.6.4 അധ്യാപകൻ പിരിഞ്ഞുപോവുകയോ, സർവകലാശാലയുമായിട്ടുള്ള ബന്ധം വിഛേദിക്കുകയോ ചെയ്യുന്ന സന്ദർഭം.

6.6.5 മാർഗനിർദ്ദേശകൻ സർവകലാശാലയിൽ ദീർഘകാലം ഇല്ലാതിരിക്കുന്ന അവസ്ഥ.

6.6.6 വ്യക്തിപരമായി സഹകരിക്കാനാവാത്ത അവസ്ഥ.

6.6.7 മേൽപറഞ്ഞ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗവേഷണവിദ്യാർത്ഥിക്ക് മാർഗനിർദ്ദേശകനെ മാറ്റുവാനുള്ള അപേക്ഷ വകുപ്പദ്ധ്യക്ഷന് നൽകാം.

6.6.8 വകുപ്പദ്ധ്യക്ഷൻ ഈ അപേക്ഷ റിസർച്ച് കൗൺസിലിന്റെ പരിഗണനയ്ക്ക് അയയ്ക്കണം. റിസർച്ച് കൗൺസിൽ, വകുപ്പദ്ധ്യക്ഷന്റെ ശുപാർശപ്രകാരം മാർഗനിർദ്ദേശകനെ മാറ്റാനുള്ള ആവശ്യം പരിഗണിക്കും.

6.7 വിദ്യാർത്ഥിയെ ഒഴിവാക്കാവുന്ന സന്ദർഭങ്ങൾ

6.7.1 പിഎച്ച്.ഡി. വിദ്യാർത്ഥിയെ സർവകലാശാലയിൽ നിന്ന് താഴെ പറയുന്ന സാഹചര്യങ്ങളിൽ ഒഴിവാക്കാവുന്നതാണ്.

6.7.2 പ്രവേശനം കഴിഞ്ഞ് പിഎച്ച്.ഡി. വിദ്യാർത്ഥികൾ 2 സെമസ്റ്ററിനുള്ളിൽ (ഒരു വർഷം) കോഴ്സ് വർക്ക് പൂർത്തിയാക്കാതിരിക്കുക.

6.7.3 ആവശ്യമുള്ള ക്രെഡിറ്റ് നേടാതിരിക്കുക.

6.7.4 അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കാതിരിക്കുക.

6.7.5 സർവകലാശാല ഫീസ് അടയ്ക്കാതിരിക്കുക.

6.7.6 സർവകലാശാല നിയമങ്ങൾ ലംഘിക്കുക.

6.7.7 അച്ചടക്കം ലംഘിക്കുക.

6.8 പിഎച്ച്.ഡി. വിദ്യാർത്ഥികൾ ഗവേഷണകാലയളവിൽ സർവകലാശാലയുടെ അനുമതിയില്ലാതെ ജോലിക്ക് പ്രവേശിക്കുവാനോ, മറ്റേതെങ്കിലും കോഴ്സ് പഠിക്കുവാനോ പാടില്ല. ജോലിയിൽ പ്രവേശിക്കാനും മറ്റേതെങ്കിലും പരീക്ഷകൾക്ക് പങ്കെടുക്കാനും മാർഗദർശിയുടെ ശുപാർശയോടെ രജിസ്ട്രാറിൽ നിന്നും മുൻകൂർ അനുമതി തേടേണ്ടതാണ്.

6.9 ഗവേഷണപുരോഗതി ഇല്ലാതെവന്നാൽ പ്രവേശനം റദ്ദുചെയ്യാൻ റിസർച്ച് കൗൺസിലിന് അധികാരമുണ്ടായിരിക്കും. നിശ്ചിത കാലയളവിനുള്ളിൽ പ്രബന്ധം സമർപ്പിക്കാത്ത സന്ദർഭങ്ങളിലും പ്രവേശനം റദ്ദുചെയ്യാൻ ശുപാർശചെയ്യാവുന്നതാണ്.

6.10 ഒരു പിഎച്ച്.ഡി. ഗവേഷകയ്ക്ക് വിവാഹത്താൽ താമസസ്ഥലം മാറേണ്ട സാഹചര്യമുണ്ടാകുകയാണെങ്കിൽ, ഗവേഷക കോഴ്സ് വർക്ക് പൂർത്തിയാക്കുകയും രണ്ടുവർഷമെങ്കിലും പൂർണസമയഗവേഷണം നിർവഹിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ കോഴ്സ് വർക്ക് ക്രെഡിറ്റ് സഹിതം മറ്റേതെങ്കിലും സർവകലാശാലയിൽ സീറ്റ് ലഭ്യമാകുന്ന പക്ഷം മാറാവുന്നതാണ്.

6.11 കോഴ്സ് വർക്ക് നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ടെങ്കിലേ ക്രെഡിറ്റ് ട്രാൻസ്ഫറിന് അർഹത നേടൂ.

6.12 **കോഴ്സ് വർക്ക് – ക്രെഡിറ്റ് – മറ്റു നിബന്ധനകൾ**
**കോഴ്സ് വർക്ക് പിഎച്ച്.ഡി.**

6.12.1 പിഎച്ച്.ഡി. പ്രവേശനം നേടി ആദ്യ ആറുമാസ കാലയളവിനുള്ളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കണമെന്നത് നിർബന്ധമാണ്.

6.12.2 ആദ്യത്തെ ആറുമാസത്തിനുള്ളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കാത്തവർക്ക് സർവകലാശാല നിർദ്ദേശിക്കുന്ന ഫീസടച്ച് അടുത്ത ആറു മാസത്തിനുള്ളിൽ ഒരു തവണ കൂടി പരീക്ഷ എഴുതുവാനുള്ള അവസരം ഉണ്ടായിരിക്കും.

6.12.3 കോഴ്സ് വർക്ക് പരീക്ഷയിൽ 50% മാർക്ക് നേടിയെങ്കിലേ വിജയിച്ചതായി കണക്കാക്കുകയുള്ളൂ. പരീക്ഷ വിജയിക്കാത്തവരുടെ രജിസ്ട്രേഷൻ റദ്ദാക്കപ്പെടും.

6.12.4 കോഴ്സ് വർക്ക് നടക്കുന്ന ആദ്യ ആറുമാസത്തിൽ കുറഞ്ഞത് 75% ഹാജർ ഉണ്ടെങ്കിൽ മാത്രമേ കോഴ്സ് വർക്ക് പൂർത്തിയാക്കിയതായി കരുതുകയുള്ളൂ. തുടർന്നുള്ള കാലയളവിൽ പ്രബന്ധരചനയുമായി ബന്ധപ്പെട്ട ജോലികളുള്ളതുകൊണ്ട് ഹാജർ നില അതത് മാർഗനിർദ്ദേശകർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പിഎച്ച്.ഡി. പ്രോഗ്രാം കാലയളവിൽ 75%ത്തിൽ കുറയാത്ത ഹാജർ നില ഉള്ളവർക്കുമാത്രമേ പ്രബന്ധസമർപ്പണം അനുവദിക്കുകയുള്ളൂ.

6.12.5 കോഴ്സ് വർക്ക് പൂർത്തിയാക്കാത്ത ഒരു വിദ്യാർത്ഥിയേയും ഗവേഷണം തുടരുവാൻ അനുവദിക്കുന്നതല്ല.

6.12.6 പിഎച്ച്.ഡി ബിരുദത്തിനായി ചേരുന്നവർക്ക് എം.ഫിൽ ഉണ്ടെങ്കിൽ 20 ക്രെഡിറ്റ് ഇളവ് അനുവദിക്കും.

6.12.7 ഗവേഷണ വിഷയത്തിനനുസരിച്ച് കോഴ്സ് വർക്കിലെ പേപ്പർ 3 ന് മാറ്റമുണ്ടായാൽ ആ പേപ്പർ പരീക്ഷ വീണ്ടും എഴുതേണ്ടതാണ്.

6.13 പിഎച്ച്.ഡി. ഗവേഷകർക്ക് അനുവദനീയമായ അവധികൾ.

6.13.1 ആകസ്മികാവധി (casual leave) മാസത്തിൽ 1 വീതം ഒരു വർഷം 12

6.13.2 മെഡിക്കൽ അവധി ഒരു വർഷം പരമാവധി = 10

6.13.3 ഡ്യൂട്ടി ലീവ് സെമിനാറുകൾ ഉൾപ്പെടെ ഒരു വർഷം പരമാവധി = 12

6.13.4 ഫീൽഡ് വർക്ക്/ലൈബ്രറി/ഗൈഡിന്റെ/സന്ദർശിച്ച സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് പ്രകാരം ഒരു വർഷം പരമാവധി = 56

6.13.5 സ്ത്രീകൾക്ക് പ്രസവാവധി (കേരള സർക്കാർ നിയമപ്രകാരം) = 180 ദിവസം (ഗവേഷണ കാലയളവിനുള്ളിൽ ഒരു തവണ മാത്രം)

6.13.6 ജെ.ആർ.എഫ്. (പ്രസവാവധി) = 240 ദിവസം (ഗവേഷണ കാലയളവിനുള്ളിൽ ഒരുതവണ മാത്രം)

6.13.7 പെറ്റേണിറ്റി ലീവ് = 14 ദിവസം (ഗവേഷണ കാലയളവിനുള്ളിൽ ഒരുതവണ മാത്രം)

ഒരു വർഷം ആകെയുള്ള 90 അവധിക്കു പുറമേ പ്രത്യേക വിഷയത്തിൽ ഫീൽഡ് വർക്ക് ആവശ്യമുള്ളവർക്ക് ഗൈഡിന്റെ ശുപാർശയോടു കൂടി വി.സി.യുടെ പ്രത്യേക അനുമതി തേടാവുന്നതാണ്.

## 7. ഗവേഷണ ഉപദേശകസമിതിയും കർത്തവ്യങ്ങളും

7.1 ഒരു ഗവേഷണ ഉപദേശകസമിതിയോ, സർവകലാശാല നിയമാനുസൃതമായി രൂപീകരിച്ച തത്തുല്യ കമ്മിറ്റിയോ (ഗവേഷണപുരോഗതി വിലയിരുത്തൽ കമ്മിറ്റി) ഓരോ ഗവേഷകന്റെയും ഗവേഷണപ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഗവേഷകന്റെ മാർഗദർശിയാവും കമ്മിറ്റി കൺവീനർ. വകുപ്പദ്ധ്യക്ഷൻ, ഡീൻ/പ്രതിനിധി എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. കമ്മിറ്റിയുടെ കർത്തവ്യങ്ങൾ താഴെ കൊടുക്കുന്നു.

7.1.1 ഗവേഷണവിഷയം പുനരവലോകനം ചെയ്തു തീർച്ചയാക്കുക.

7.1.2 ഗവേഷണവിഷയത്തിനനുസൃതമായ രീതിശാസ്ത്രം കണ്ടെത്തുക, പഠനമാതൃക വികസിപ്പിക്കുക, അനുയോജ്യമായ പാഠ്യക്രമം നിശ്ചയിക്കുക തുടങ്ങിയ കാര്യങ്ങളിൽ മാർഗനിർദ്ദേശം നൽകുക.

7.1.3 ഗവേഷണപുരോഗതി വിലയിരുത്തുക.

7.2 ഓരോ ഗവേഷകനും ആറുമാസത്തിലൊരിക്കൽ ഗവേഷണ ഉപദേശകസമിതിക്കു മുന്നിൽ ഹാജരായി ഗവേഷണപ്രവർത്തനങ്ങൾ അവതരിപ്പിക്കേണ്ടതും മൂല്യനിർണയനത്തിനു തയ്യാറാകേണ്ടതുമാണ്. ഇത്തരത്തിലുള്ള ആറ് റിപ്പോർട്ടുകൾ ഉപദേശകസമിതി സർവകലാശാലയ്ക്കു സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടുകളുടെ ഓരോ കോപ്പി ഗവേഷകനും നൽകേണ്ടതുണ്ട്.

7.3 ഗവേഷണപുരോഗതി കമ്മിറ്റിക്കു തൃപ്തികരമല്ല എങ്കിൽ ഗവേഷണവിദ്യാർത്ഥിക്ക് പുരോഗതി കൈവരിക്കാനായി ഒരവസരം കൂടി നൽകാവുന്നതാണ്. തുടർന്നുള്ള കാലയളവുകളിലും പുരോഗതി കൈവരിക്കുന്നില്ലെങ്കിൽ ഗവേഷണ ഉപദേശകസമിതിക്ക് ഫെല്ലോഷിപ്പ് നിർത്താൻ ശുപാർശ ചെയ്യാം. തുടർന്നും പുരോഗതി കാണുന്നില്ലെങ്കിൽ പ്രവേശനം റദ്ദുചെയ്യാൻ സമിതി ശുപാർശ ചെയ്യേണ്ടതുണ്ട്.

## 8. പ്രബന്ധസമർപ്പണം, മൂല്യനിർണയം

8.1 പിഎച്ച്.ഡി. ഗവേഷണത്തിനു പ്രവേശനം നേടിയവർ മൂന്നുവർഷം തികയാതെയും എം.ഫില്ലിനു ശേഷം പിഎച്ച്.ഡി.ക്കു ചേർന്നവർ രണ്ടരവർഷം തികയാതെയും പ്രബന്ധം സമർപ്പിക്കാൻ അനുവദിക്കുന്നതല്ല.

8.2 പിഎച്ച്.ഡി. ഗവേഷകർ പ്രബന്ധസമർപ്പണത്തിനു മുൻപ് പ്രീ സബ്മിഷൻ അവതരണം നടത്തേണ്ടതാണ്.

8.2.1 പ്രീ സബ്മിഷൻ ഫീസ് വിവരങ്ങൾ, അപേക്ഷാ ഫോറം എന്നിവ മാർഗദർശിയുടെ ശുപാർശയോടെ ഒരു മാസം മുമ്പ് വകുപ്പദ്ധ്യക്ഷൻ വഴി രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

8.2.2 പ്രീ സബ്മിഷൻ സെമിനാറിനുവേണ്ടി രൂപീകരിക്കുന്ന സമിതിയിൽ പുറത്തുനിന്നുള്ള ഒരു വിഷയവിദഗ്ദ്ധൻ, വകുപ്പുതലവൻ, മാർഗനിർദ്ദേശകൻ, ഫാക്കൽറ്റി ഡീൻ എന്നിവർ അംഗങ്ങളായിരിക്കും.

8.2.3 പുറമേനിന്നുള്ള വിഷയവിദഗ്ദ്ധരായ മൂന്നുപേരുടെ പട്ടിക മാർഗദർശി വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

8.2.4 ഇതിൽനിന്നും വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന ഒരാളായിരിക്കും പ്രീ സബ്മിഷൻ സമിതി ചെയർമാൻ.

8.2.5 പ്രീ സബ്മിഷൻ സെമിനാറിൽ ഗവേഷകൻ 20 മിനിറ്റെങ്കിലും പ്രബന്ധസംഗ്രഹം അവതരിപ്പിക്കേണ്ടതാണ്.

8.2.6 വിദ്യാർത്ഥി മാതൃകാപ്രബന്ധം സെമിനാർ വേളയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

8.2.7 പ്രീ സബ്മിഷൻ സെമിനാറിൽ എല്ലാ ഫാക്കൽറ്റി അംഗങ്ങളും ഗവേഷകരും പങ്കെടുക്കേണ്ടതും പ്രബന്ധസംഗ്രഹാവതരണശേഷം തുറന്ന ചർച്ച നടത്തേണ്ടതുമാണ്.

8.2.8 ഗവേഷകൻ ചർച്ചയ്ക്ക് മറുപടി നൽകേണ്ടതാണ്.

8.2.9 ചെയർമാൻ പ്രീ സബ്മിഷൻ സെമിനാറിലെ അഭിപ്രായങ്ങൾ ക്രോഡീകരിക്കേണ്ടതാണ്.

8.2.10 ഇതിനനുസരിച്ച് തയ്യാറാക്കുന്ന പ്രബന്ധം മൂന്നുമാസത്തിനുള്ളിൽ സമർപ്പിക്കുവാൻ സമിതി അനുമതി നൽകേണ്ടതും യോഗത്തിന്റെ മിനിറ്റ്സ് മറ്റു രേഖകളോടൊപ്പം രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്.

8.3 പ്രീസബ്മിഷന് ഗവേഷകർ നൽകേണ്ട രേഖകൾ

1. ഫീസ് വിവരങ്ങൾ
2. മാർഗദർശിയുടെ ശുപാർശയോടെയുള്ള അപേക്ഷാഫോറം
3. മാതൃകാപ്രബന്ധം
4. പ്രബന്ധസംഗ്രഹം (4 കോപ്പി)
5. മാർഗദർശി സാക്ഷ്യപ്പെടുത്തിയ മൂന്നുവർഷത്തെ ഗവേഷണപുരോഗതിയുടെ റിപ്പോർട്ട്
6. കോഴ്സ് വർക്ക് സംബന്ധമായ വിശദവിവരങ്ങൾ
7. പ്രീ-സബ്മിഷനു തയ്യാറാണെന്ന മാർഗദർശിയുടെ സാക്ഷ്യപത്രം.

8.4 പ്രബന്ധസമർപ്പണം

8.4.1 പിഎച്ച്.ഡി. ഗവേഷകർക്ക് പ്രബന്ധസമർപ്പണത്തിന്/മൂല്യനിർണയനത്തിന് യു.ജി.സി./സർവകലാശാല റിസർച്ച് കൗൺസിൽ അംഗീകരിച്ച അംഗീകൃത ഗവേഷണ ജേണലുകളിൽ കുറഞ്ഞത് രണ്ടു പ്രസിദ്ധീകരണവും ദേശീയസെമിനാർ/കോൺഫറൻസ് എന്നിവയിൽ രണ്ട് പ്രബന്ധാവതരണവും നിർബന്ധമാണ്. പ്രബന്ധസമർപ്പണത്തിനുള്ള അപേക്ഷയോടൊപ്പം ഇവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

8.5 അപേക്ഷയോടൊപ്പം സർവകലാശാല/ഹോസ്റ്റൽ/ലൈബ്രറി എന്നിവിടങ്ങളിലൊന്നും യാതൊരു കുടിശ്ശികയും ഇല്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന 'നോ ഡ്യൂസ് സർട്ടിഫിക്കറ്റ്' സമർപ്പിക്കണം.

8.6 പിഎച്ച്.ഡി. ഗവേഷകർ ബൈന്റ് ചെയ്ത നാല് പ്രബന്ധം, മൂന്ന് സി.ഡികൾ, അംഗീകരിച്ച പ്രബന്ധരൂപരേഖയുടെ (സിനോപ്സിസ്) ആറ് കോപ്പികൾ എന്നിവ മാർഗദർശിയുടെ ഒപ്പോടെ രജിസ്ട്രാർക്ക് സമർപ്പിക്കണം.

8.7 അദ്ധ്യയനമാധ്യമം മലയാളമായതിനാൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ പ്രബന്ധരചന നിർവഹിക്കേണ്ടത് മലയാളത്തിലാണ്.

8.8 അതതു വിഷയത്തിന് അനുയോജ്യമായതും അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടതുമായ സ്റ്റൈൽ ഷീറ്റുകൾ ഓരോ വകുപ്പും തിരഞ്ഞെടുക്കേണ്ടതും വകുപ്പിൽ സമർപ്പിക്കുന്ന എല്ലാ പ്രബന്ധങ്ങളിലും ഒരേ മാതൃക പുലർത്തേണ്ടതുമാണ്.

8.9 മലയാളം ഒഴികെയുള്ള വിഷയങ്ങളിൽ സിനോപ്സിസ്, പ്രബന്ധം എന്നിവയുടെ ഓരോ കോപ്പികൾ ആവശ്യമെങ്കിൽ ഇംഗ്ലീഷിൽ തയ്യാറാക്കാവുന്നതാണ്. ഇതിന് റിസർച്ച് കൗൺസിലിന്റെ മുൻകൂർ അനുമതി ലഭിച്ചിരിക്കണം.

8.10 പ്രബന്ധങ്ങളിലെ ആശയചോരണം (Plagiarism) ഉൾപ്പെടെ കണ്ടെത്തുവാൻ പ്രാപ്തമായ സോഫ്റ്റ്‌വെയറുകൾ, ഗാഡ്ജറ്റുകൾ എന്നിവ സർവകലാശാലകളിൽ സ്ഥാപിക്കേണ്ടതാണ്. അത് സാദ്ധ്യമാകാത്ത സാഹചര്യത്തിൽ ഗവേഷകൻ പ്രബന്ധത്തിന്റെ ആധികാരികതയെ സംബന്ധിച്ച സത്യപ്രസ്താവന, മാർഗദർശിയുടെ സാക്ഷ്യപത്രം എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്.

8.11 യുണികോഡ് ഫോണ്ടിൽ തന്നെയാണ് പ്രബന്ധം തയ്യാറാക്കേണ്ടത്.

8.12. പിഎച്ച്.ഡി. പ്രബന്ധങ്ങൾ തയ്യാറാക്കേണ്ട മാതൃക താഴെ കൊടുക്കുന്നു.

**കവർ പേജ്**

പ്രബന്ധവിഷയം ..........

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ..................................... ഫാക്കൽറ്റിയിലെ ................................ വകുപ്പിൽ സമർപ്പിക്കുന്ന പ്രബന്ധം

സർവകലാശാല ലോഗോ

ഗവേഷണ വിദ്യാർത്ഥിയുടെ പേര്

മാർഗനിർദേശകന്റെ പേര്

വകുപ്പ്

ഫാക്കൽറ്റി

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

അക്ഷരം കാമ്പസ്, വാക്കാട് പി.ഒ., തിരൂർ - 676 502

വർഷവും മാസവും

**ആദ്യത്തെ പേജ്**

പ്രബന്ധവിഷയം ..........

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ..................................... ഫാക്കൽറ്റിയിലെ ................................ വകുപ്പിൽ സമർപ്പിക്കുന്ന പ്രബന്ധം

സർവകലാശാല ലോഗോ

ഗവേഷണ വിദ്യാർത്ഥിയുടെ പേര്

മാർഗനിർദേശകന്റെ പേര്

വകുപ്പ്, ഫാക്കൽറ്റി

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

അക്ഷരം കാമ്പസ്, വാക്കാട് പി.ഒ., തിരൂർ - 676 502

വർഷവും മാസവും

**രണ്ടാമത്തെ പേജ്**

**സത്യപ്രസ്താവന**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ..................................... ഫാക്കൽറ്റിയിലെ .................................... വകുപ്പിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന ............................................................................................ എന്ന പ്രബന്ധം ................................................................ന്റെ മേൽനോട്ടത്തിൽ ഞാൻ തയ്യാറാക്കിയതാണെന്നും ഇത് മറ്റൊരംഗീകാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും ഇതിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണപ്രബന്ധങ്ങളിൽ നിന്നോ ആശയങ്ങളോ വാക്യങ്ങളോ പകർത്തിയിട്ടില്ല എന്നും സത്യപ്രസ്താവന നടത്തുന്നു.

ഗവേഷണ വിദ്യാർത്ഥിയുടെ ഒപ്പ്

പേര്

സ്ഥലം:

തീയതി:

**മൂന്നാമത്തെ പേജ്**

മാർഗദർശിയുടെ പേര്

ഔദ്യോഗികവിലാസം

**സാക്ഷ്യപത്രം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ..................................... ഫാക്കൽറ്റിയിലെ ..................................... വകുപ്പിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി .................................................. സമർപ്പിക്കുന്ന .................................................................................... എന്ന പ്രബന്ധം എന്റെ മേൽനോട്ടത്തിലാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ഇത് മറ്റൊരു അംഗീകാരത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു. എന്റെ അറിവിൽ ഈ പ്രബന്ധത്തിൽ രീതിശാസ്ത്രമനുസരിച്ചുള്ള ഉദ്ധരണികളല്ലാതെ മറ്റു കൃതികളിൽ നിന്നോ ഗവേഷണപ്രബന്ധങ്ങളിൽ നിന്നോ ആശയങ്ങളോ വാക്യങ്ങളോ പകർത്തിയിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
മാർഗദർശിയുടെ പേര്

സ്ഥലം:
തീയതി:

**നാലാമത്തെ പേജ്**

**സാക്ഷ്യപത്രം**

.................................................................................................................. എന്ന ഈ പ്രബന്ധത്തിന്റെ സമർപ്പണപൂർവ്വാവതരണം (പ്രീ-സബ്മിഷൻ പ്രസന്റേഷൻ) .......................................ൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നടന്നു. ................................................................ ചെയർമാനായിരുന്ന പ്രസ്തുത അവതരണത്തിന്റെ ചർച്ചയിലുണ്ടായ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നടത്തിയാണ് പ്രബന്ധം സമർപ്പിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഗവേഷണവുമായി ബന്ധപ്പെട്ട കോഴ്സ് വർക്ക് പരീക്ഷ (രജി. നമ്പർ ........................, പേപ്പർ I - ............................................, പേപ്പർ II - ........................................, പേപ്പർ III - ..................................................................) .......................................... (വർഷം) ....................................... (മാസം) ത്തിൽ വിജയിച്ചിട്ടുണ്ട്. പ്രബന്ധസമർപ്പണവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
മാർഗദർശിയുടെ പേര്
ഔദ്യോഗിക വിലാസം

ഒപ്പ്
ഗവേഷകന്റെ/യുടെ പേര്
വകുപ്പ്

ഒപ്പ്
വകുപ്പദ്ധ്യക്ഷന്റെ പേര്

ഒപ്പ്
ഫാക്കൽറ്റി ഡീനിന്റെ പേര്

ഓഫീസ് മുദ്ര

സ്ഥലം:
തീയതി:

## 9. പ്രബന്ധമൂല്യനിർണയം

### 9.1 പിഎച്ച്.ഡി. പ്രബന്ധപരിശോധകർ

#### 9.1.1 പ്രബന്ധ പരിശോധകരുടെ നിയമനം

9.1.1.1 പിഎച്ച്.ഡി. ഗവേഷണ വിദ്യാർത്ഥി സിനോപ്സിസ് സമർപ്പിച്ചുകഴിഞ്ഞ് മാർഗ നിർദ്ദേശകൻ വൈസ് ചാൻസലർക്ക് ദേശീയ തലത്തിലുള്ള പത്തു പേരുടെ പരിശോധക പാനൽ പ്രഫോർമ സഹിതം സമർപ്പിക്കണം (പ്രഫോർമ അനുബന്ധമായി ചേർക്കുന്നു) വൈസ് ചാൻസലർ ഈ പാനലിൽനിന്ന് മൂന്നു പേരെ തെരഞ്ഞെടുക്കും. പരിശോധകരെ തെരഞ്ഞെടുക്കുമ്പോൾ അവരിൽ ആരാണ് വാചാ പരീക്ഷ നടത്തുന്നതെന്നും വൈസ്ചാൻസലർ തീരുമാനിക്കും.

### 9.2 പ്രബന്ധ പരിശോധന

9.2.1 വൈസ്ചാൻസലർ നിയമിച്ച പരിശോധകരിൽനിന്ന് അനുമതി വാങ്ങിയതിനുശേഷം രജിസ്ട്രാർ പ്രബന്ധം അവർക്ക് എത്തിച്ചുകൊടുക്കാനുള്ള നടപടി കൈക്കൊള്ളണം.

9.2.2 പരിശോധകർ വിശദമായറിപ്പോർട്ട് രജിസ്ട്രാർക്ക് നൽകണം. പിഎച്ച്.ഡി. യോഗ്യതയുണ്ടോ ഗവേഷണനിലവാരുമുണ്ടോ വാചാപരീക്ഷ ആവശ്യമാണോ, പരിഷ്കരിക്കണമോ, തിരസ്കരിക്കണമോ എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടായിരിക്കണം ഇത്.

9.2.3 പ്രബന്ധത്തിന് നിലവാരമില്ലെങ്കിൽ ഡിഗ്രി നൽകാൻ ശുപാർശ ചെയ്യരുത്. പുതുനിരീക്ഷണം, പുനർവായന, മാതൃകാപരിഷ്കരണം, രീതിശാസ്ത്രമികവ് എന്നിവ തൃപ്തികരമല്ലെങ്കിൽ പരിശോധകർ ഡിഗ്രി നൽകാൻ ശുപാർശ ചെയ്യരുത്.

9.2.4 ഏതെങ്കിലും കാരണവശാൽ പ്രബന്ധം പരിഷ്കരിക്കാൻ ആവശ്യപ്പെട്ടാൽ പരിശോധകർ അതിന്റെ കാരണവും, ഏതുതരം പരിഷ്കരണമാണ് നിർദ്ദേശിക്കുന്നത് എന്നും വിശദമാക്കണം.

9.2.5 പ്രബന്ധം തിരസ്കരിക്കാനാണ് ശുപാർശയെങ്കിൽ തൃപ്തികരമായ കാരണം കാണിക്കണം.

9.2.6 പ്രബന്ധം ഒരാൾ തിരസ്കരിച്ചാൽ പാനലിൽനിന്ന് മറ്റൊരാൾക്ക് അയക്കാൻ വൈസ് ചാൻസലർക്ക് നിർദ്ദേശിക്കാവുന്നതാണ്.

9.2.7 രണ്ടുപേർ തിരസ്കരിച്ചാൽ പിഎച്ച്.ഡി.ക്ക് അർഹതയുണ്ടാവില്ല.

### 9.3 പിഎച്ച്.ഡി. വാചാപരീക്ഷ

9.3.1 രജിസ്ട്രാർക്ക് ലഭിക്കുന്ന റിപ്പോർട്ടുകൾ തൃപ്തികരമാണെങ്കിൽ, മൂന്നു പരിശോധകരും ഡിഗ്രിനൽകാനും വാചാപരീക്ഷ നടത്താനും ശുപാർശ ചെയ്യുന്നുണ്ടെങ്കിൽ വാചാപരീക്ഷ നടത്തണം.

9.3.2 ഏതെങ്കിലും കാരണവശാൽ പരിശോധകർ ഡിഗ്രി നൽകാനും വാചാപരീക്ഷ നടത്താനും ശുപാർശചെയ്തിട്ടില്ല എങ്കിൽ രജിസ്ട്രാർ താഴെപറയുന്ന പ്രകാരമുള്ള നടപടികൾ കൈക്കൊള്ളണം.

9.3.2.1 പരിശോധകൻ പ്രബന്ധം പരിഷ്ക്കരിക്കണമെന്ന് എഴുതിയാൽ പ്രബന്ധം സമർപ്പിച്ച ഗവേഷകനോട് പ്രബന്ധം പരിഷ്ക്കരിക്കാൻ അവശ്യപ്പെടണം.

9.3.2.2 ആറുമാസത്തിനുള്ളിൽ പരിഷ്കരിച്ച പ്രബന്ധം രജിസ്ട്രാർക്ക് സമർപ്പിക്കണം.

9.3.2.3 പരിഷ്കരിച്ച പ്രബന്ധം പരിഷ്കരണം നിർദ്ദേശിച്ച പരിശോധകന് രജിസ്ട്രാർ അയക്കണം. പരിഷ്കരിച്ചത് തൃപ്തികരമാണെങ്കിൽ അദ്ദേഹത്തിന്റെ ശുപാർശ പ്രകാരം രജിസ്ട്രാർ വാചാപരീക്ഷ നടത്താനുള്ള ഏർപ്പാടുണ്ടാക്കണം.

9.3.2.4 ഏതെങ്കിലും സാഹചര്യത്തിൽ പരിഷ്കരിച്ച പ്രബന്ധം പരിശോധിച്ചതിന് ശേഷവും തൃപ്തികരമല്ല എന്നാണ് ഫലമെങ്കിൽ രജിസ്ട്രാർ നേരത്തെ സമർപ്പിച്ചിട്ടുള്ള പാനലിൽ നിന്ന് മറ്റൊരു പരിശോധകനെ തെരഞ്ഞെടുക്കാൻ വൈസ്ചാൻസലറോട് ശുപാർശചെയ്യണം.

9.3.2.5 നാലാം പരിശോധകന്റെ തീരുമാനമനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളണം. മൂന്നു പരിശോധകരും ശുപാർശചെയ്യാതെ ഡിഗ്രി നൽകുവാൻ പാടുള്ളതല്ല.

9.3.2.6 പ്രബന്ധ പരിശോധനാ റിപ്പോർട്ടു വിലയിരുത്തി അവരിൽനിന്നും വാചാപരീക്ഷാ ചെയർമാനെ വൈസ് ചാൻസലർ തീരുമാനിക്കണം.

9.3.2.7 വൈസ് ചാൻസലർ നിശ്ചയിച്ചിട്ടുള്ള ബാഹ്യപരിശോധകൻ, വകുപ്പദ്ധ്യക്ഷൻ/ സെന്റർ ഡയറക്ടർ, മാർഗ്ഗദർശകൻ, ഡീൻ എന്നിവർ വാചാപരീക്ഷ ബോർഡിൽ ഉണ്ടായിരിക്കണം. ബാഹ്യപരിശോധകൻ ചെയർമാനും മാർഗദർശി കൺവീനറും ആയിരിക്കും.

9.3.2.8 എല്ലാ ഫാക്കൽറ്റി അംഗങ്ങളും ഗവേഷകരും പങ്കെടുക്കുന്ന തുറന്ന വേദിയിലായിരിക്കണം വാചാപ്പരീക്ഷ. (30 പേരെങ്കിലും പങ്കെടുത്തിരിക്കണം)

9.3.2.9 സർവകലാശാല കാമ്പസ്സിലാണ് വാചാപ്പരീക്ഷ നടത്തുക. പ്രത്യേക സാഹചര്യത്തിൽ രജിസ്ട്രാറുടെ ശുപാർശ പ്രകാരം വൈസ് ചാൻസലർക്ക് കാമ്പസിന് പുറത്തുവെച്ചു നടത്താൻ അനുവദിക്കാം.

9.3.2.10 വാചാപ്പരീക്ഷ ബോർഡ്, ഗവേഷകന്റെ അവതരണം, ചോദ്യങ്ങൾക്കുള്ള മറുപടി, നിരീക്ഷണം, ഇവ കേട്ട് തൃപ്തിവന്നാൽ മാത്രമേ ഡിഗ്രി നൽകാൻ ശുപാർശ ചെയ്യാവൂ.

9.3.2.11 തുറന്ന വാചാപ്പരീക്ഷ (ഓപ്പൺ വൈവ) മാത്രമേ അനുവദനീയമായുള്ളൂ.

9.3.2.12 എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാകുന്നപക്ഷം ബാഹ്യപരിശോധകന്റെ (ചെയർമാന്റെ) തീരുമാനം അന്തിമമായിരിക്കും.

9.3.2.13 വാചാപ്പരീക്ഷാ ബോർഡിന്റെ ശുപാർശയും മറ്റു രേഖകളും ഡീൻ അക്കാദമിക് കൗൺസിലിന്റെ അംഗീകാരം വാങ്ങാനായി രജിസ്ട്രാർക്ക് കൈമാറണം. അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തെത്തുടർന്ന് ആദ്യം പ്രൊവിഷണൽ സർട്ടിഫിക്കറ്റും പിന്നീട് പിഎച്ച്.ഡി. ബിരുദവും നൽകണം.

9.4 ഗ്രേഡിംഗ് സമ്പ്രദായം

കോഴ്സ് വർക്കിന് ഒൻപത് പോയിന്റ് അടിസ്ഥാനത്തിലാണ് ഗ്രേഡ് അനുവദിക്കുക.

| ഗ്രേഡ് | ഗ്രേഡ് പോയിന്റ് | % മാർക്ക് |
|---|---|---|
| O | 10 | 100 % |
| A+ | 9 | 90 - 99.9 % |
| A | 8 | 80 - 89.9 % |
| B+ | 7 | 70 - 79.9 % |
| B | 6 | 60 - 69.9 % |
| C+ | 5 | 50 - 59.9 % |
| C | 4 | 40 - 49.9 % |
| F | 0 | Less than 40 |
| AB | 0 | Absent |

9.5 പിഎച്ച്.ഡി. പ്രബന്ധസമർപ്പണം മുതൽ പരമാവധി ആറു മാസത്തിനുള്ളിൽ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കേണ്ടതാണ്.

## 10. പിഎച്ച്.ഡി. – വിദൂരപഠനം

10.1 യു.ജി.സി. റഗുലേഷൻ 2016, മറ്റ് റഗുലേഷനുകൾ എന്നിവയിലൊന്നും വിദൂരപഠനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഇല്ലാത്തതിനാൽ സർവകലാശാലകളോ, സ്വയംഭരണ സ്ഥാപന ങ്ങളോ കോളജുകളോ ഈ മാതൃകയിൽ പിഎച്ച്.ഡി. കോഴ്സ് നടത്തുന്നില്ല.

10.2 സർവകലാശാലയിൽ പ്രവേശനം നേടുന്ന ഗവേഷകരുടെ ഭാഗികപഠന സാധ്യതകൾ 3.10 ൽ വിശദമാക്കിയിട്ടുണ്ട്.

## 11. ഇൻഫ്ളിബ്നെറ്റ്

11.1 പിഎച്ച്.ഡി. പ്രബന്ധമൂല്യനിർണയ പ്രക്രിയകൾ അവസാനിച്ച്, ബിരുദ സമർപ്പണത്തിനു മുൻപായി പ്രബന്ധം INFLIBNET-ൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

11.2 ബിരുദദാനത്തിനു മുമ്പുതന്നെ ഓരോരുത്തർക്കും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകേ ണ്ടതാണ്. യു.ജി.സി. റഗുലേഷൻസ് 2016 ലെ (Minimum standards and Proceedure for Awards of Ph.D Degree) നിബന്ധനകളും 2018 ലെ ഭേദഗതിയും പാലിച്ചിട്ടുണ്ട് എന്ന് ബിരുദത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽപറഞ്ഞ ചട്ടങ്ങളും നിബന്ധനകളും നടപ്പാക്കുന്നതിൽ എന്തെങ്കിലും തരത്തിലുള്ള പ്രശ്ന ങ്ങളോ ആക്ഷേപമോ ഉണ്ടായാൽ അത് വൈസ്ചാൻസലറെ അറിയിക്കുകയും വൈസ് ചാൻസ ലറുടെ തീരുമാനം അന്തിമമായിരിക്കുകയും ചെയ്യും.

Anil

ഡോ. ടി. അനിതകുമാരി
രജിസ്ട്രാർ ഇൻ ചാർജ്